# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## അന്തിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെഎസ്എടിഎസ്ആർ(പി2)97/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 06/03/2026
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അന്തിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എടിഎസ്ആർ(പി2)97/2026 തീയ്യതി: 06/03/2026

## തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-12-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 22-01-2026 | 30-01-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2026 | 30-01-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സിനിലാൽ എം.ജി., ഓഡിറ്റ് ഓഫീസർ
ശ്രീമതി ഹണി കെ.എസ്,ഓഡിറ്റ് ഓഫീസർ
ശ്രീമതി രേഖ ഇ.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ലക്ഷ്മിപ്രിയ പി.ഒ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജീന നന്ദൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| വർഗ്ഗീസ് സി.എ. | സെക്രട്ടറി | 01-04-2024 | 17-09-2024 |
| സത്യൻ ടി. | സെക്രട്ടറി | 18-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേഷ് കെ.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| സ്വേത കെ.എസ്. | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| രശ്മി കെ.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 06-05-2024 |
| വൈശാഖൻ ആർ.എൽ. | അസിസ്റ്റന്റ് എഞ്ചിനീയർ | 07-05-2024 | 31-05-2024 |
| രശ്മി കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2024 | 31-03-2025 |
| ഡോ. സുശീൽകുമാർ സി | വെറ്ററിനറി സർജൻ | 01-04-2024 | 18-06-2024 |
| ഡോ. രേഖ പി. രാഘവൻ | വെറ്ററിനറി സർജൻ | 19-06-2024 | 22-07-2024 |
| ഡോ.അശ്വിൻ | വെറ്ററിനറി സർജൻ | 23-07-2024 | 31-03-2025 |
| ഡോ. സുജ കെ.ടി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2024 | 29-10-2024 |
| ഡോ.സെന്തിൽ മാത്യൂസ് എസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 30-10-2024 | 31-03-2025 |
| ഡോ. വിധു വർമ്മ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-05-2024 |
| ഡോ. മായ റോഷിനി എ.ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-06-2024 | 30-07-2024 |
| ഡോ. ഷീജ സി.യു | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 31-07-2024 | 19-12-2024 |
| ഡോ.ബിമൽ സി.എ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 20-12-2024 | 29-12-2024 |
| ഡോ. ഷീജ സി.യു | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 30-12-2024 | 31-03-2025 |
| ഡോ.ജിന്റോ പി.ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| വസുമതി കെ.ബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| സിമ്മി യു.ബി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ഓഫീസർ (അന്തിക്കാട് സർക്കിൾ) | | |
| കാവ്യ ഗോപിനാഥ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പടിയം സർക്കിൾ) | 01-04-2024 | 20-01-2025 |
| വോൾഗ ജി നായർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പടിയം സർക്കിൾ) | 21-01-2025 | 31-03-2025 |
| സീന സി.വി | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്,അന്തിക്കാട് | 01-04-2024 | 31-03-2025 |
| ഷാനുരാജ് വി.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| സിനി ഫ്രാൻസീസ് സി.എഫ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-07-2024 |
| ശ്രുതിമോൾ യു.എം | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-08-2024 | 31-12-2024 |
| സിനി ഫ്രാൻസീസ് സി.എഫ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2025 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ചെലവ് ചെയ്ത തുക ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ  പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ  ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ  മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ജേണൽ  മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ  എന്നിവ ലഭ്യമാക്കിയില്ല. | 1-1-4 |
| 6 | ജില്ലാ പഞ്ചായത്ത് വിഹിതം CFC - ബേസിക് ഗ്രാന്റിൽ വരവായി രേഖപ്പെടുത്തി | 1-1-5 |
| 7 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ  മുതൽ  കൂട്ടിയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ഫണ്ട് വിനിയോഗം | 1-3 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 12 | ക്ഷേമ പദ്ധതികൾ | 1-6 |
| 13 | ക്യാഷ് പരിശോധന | 1-7 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 15 | E-Payment Counter 9998 - കളക്ഷൻ - കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ് | 1-9 |
| 16 | ലൈസൻസ് നൽകുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം - അധികാരികൾ പരിശോധിക്കുന്നില്ല | 1-10 |
| 17 | മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിച്ചു വരുന്നു - വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-11 |
| 18 | അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ ലൈസൻസോടു കൂടി ആശുപത്രി പ്രവർത്തിക്കുന്നു | 1-12 |
| 19 | പുതിയ തോട്ടം വികസിപ്പിക്കൽ  - അംഗീകൃത ഗുണഭോക്ത്ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ് | 1-13 |
| 20 | ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-14 |
| 21 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ  പദ്ധതി-- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-15 |
| 22 | എഫ് എച്ച് സിയിലേക്ക് അത്യാവശ്യ മരുന്ന് വാങ്ങൽ  പദ്ധതി - മരുന്നുകൾ  പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-16 |
| 23 | അതിദാരിദ്ര്യം നിർമ്മാർജ്ജനം മരുന്ന് വിതരണം - അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കേണ്ടതാണ് | 1-17 |
| 24 | ഗുരുതരരോഗമുള്ളവർക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ- | 1-18 |

| | | |
|---|---|---|
| | അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കേണ്ടതാണ് | |
| 25 | പ്രോജക്ടിന് ചെലവഴിക്കേണ്ട തുക നിർവഹണഉദ്യോഗസ്ഥയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-19 |
| 26 | മാലിന്യസംസ്കരണഉപാധികളുടെ വിതരണം -- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-20 |
| 27 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-21 |
| 28 | ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല | 1-22 |
| 29 | അനുപൂരക പോഷകാഹാര പരിപാടി-കേന്ദ്ര വിഹിതം - ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-23 |
| 30 | ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം അനുവദിച്ചു-- ഓഡിറ്റ് എൻക്വയറിയെതുടർന്ന് തിരികെ അടവാക്കി | 1-24 |
| 31 | കുടിവെള്ള വിതരണം-ജല പരിശോധന സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-25 |
| 32 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ വിവരം ലഭ്യമല്ല | 1-26 |
| 33 | മുദ്രപത്രവില ഈടാക്കിയതിൽ കുറവ്-തുടർ നടപടി സ്വീകരിക്കണം | 1-27 |
| 34 | എം.സി.എഫിനു ഭൂമി വാങ്ങൽ പദ്ധതി ലക്ഷ്യം നേടിയില്ല-തുടർ നടപടി സ്വീകരിക്കണം | 1-28 |
| 35 | മാങ്ങാട്ടുകര സ്കൂൾ റോഡ് മെയിന്റനൻസ്-കരാറുകാരന് അധിക തുക നൽകിയത് തിരികെ ഈടാക്കണം | 1-29 |
| 36 | സ്റ്റീൽ ഹോളോ സെക്ഷൻ പ്രവൃത്തികളിൽ ഭാരം കണക്കാക്കുന്നതിൽ അപാകം | 1-30 |
| 37 | പൊതു ടാപ്പുകളുടെ വെള്ളക്കരം – സംയുക്ത പരിശോധന നടത്തേണ്ടതാണ് | 1-31 |
| 38 | എസ് എൽ ഐ വരിസംഖ്യ ഈടാക്കിയതിൽ കുറവ് | 1-32 |
| 39 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടില്ല | 1-33 |
| 40 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1- 34 |
| 41 | ജലജീവൻ മിഷൻ അവലോകനം | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മാങ്ങാട്ടുകര സ്കൂൾ റോഡ് മെയിന്റനൻസ്-കരാറുകാരന് അധിക തുക നൽകിയത് തിരികെ ഈടാക്കണം | 3-1 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2025 തീയതിയിലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.08.2025 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**
**തീയതി :06.03.26**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ചെലവ് ചെയ്ത തുക ഉദ്ദേശം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല

**എ) മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക റവന്യൂ ചെലവായി രേഖപെടുത്തി.**

ഡെവലപ്മെന്റ് ഫണ്ട്-ജനറലിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തിക്കായി ചെലവഴിച്ച തുക, തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | ഫണ്ടിനം | പ്രോജക്ട് നമ്പർ/ പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ട ശീർഷകം |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് – ജനറൽ | 184 ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ | 42401239/ 13.12.2024 | 2,24,012 | 251130803 | ഉചിതമായ ആസ്തി ശീർഷകം |

<u>**ബ) മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.**</u>

2024-25 വർഷത്തിൽ താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി-ക്ക് തുക ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ്/ ആസ്തി ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല, മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പറും പേരും | മുൻകൂർ നൽകിയ തുക | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ചെലവ് ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. കണ്ടശ്ശാം കടവ് സെക്ഷൻ | 203/25, സ്ട്രീറ്റ് ലൈറ്റ്-ലൈൻ ദീർഘിപ്പിക്കൽ | 3,39,502 | **42400733/ 16.12.2024** | 415100001 - Streetlights-Line Extension For Existing Street Lights | 460500202- Advance To Implementing Agencies- Deposit With Kerala State Electricity Board |

(ഓഡിറ്റ് എൻക്വയറി നമ്പർ 16/29.01.2026)

<u>**1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ**</u>

**ഉൾപ്പെട്ടിട്ടില്ല**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(ഇ)& (എഫ്)).
(ഓഡിറ്റ് എൻക്വയറി നമ്പർ 16/29.01.2026)

**1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29,18,940രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1,45,16,905 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.
(ഓഡിറ്റ് എൻക്വയറി നമ്പർ 16/29.01.2026)

**1-1-4 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾക്ക് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റുകൾ, വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയില്ല.**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്(പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. ഉദാഹരണമായി, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18), (ഐ-19)പ്രകാരമുള്ള ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18& I-19) | 31.03.2025 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800201-Prior Period Expense-Administrative Expense | 8,14,627 |
| 190100101- Prior Period Income-Property Tax | 15,868 |
| 190200401- Prior Period Income-Other Income | - 1,34,303 |

(ഓഡിറ്റ് എൻക്വയറി നമ്പർ 16/29.01.2026)

**1-1-5 ജില്ലാ പഞ്ചായത്ത് വിഹിതം CFC - ബേസിക് ഗ്രാന്റിൽ വരവായി രേഖപ്പെടുത്തി**

ജില്ല പഞ്ചായത്തിൽ നിന്നും ലഭിച്ച 4,60,344 (Sukumari Road Maintenance- CFC Basic Grant) രൂപ ഉൾപ്പെടെയുള്ള 36,99,252 രൂപയാണ് ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റിന്റെ വരവ് ആയി വാർഷികകണക്കിൽ 320200104 | Development Fund - Central Finance Commission Grant - Basic Tax Grant എന്ന

ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ജില്ലാ പഞ്ചായത്തിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്ക് ലഭിക്കുന്ന തുക 320700105 Contributions For Joint Venture Projects (For Capital Expenditure) - From District Panchayats എന്ന ഹെഡിലാണ് വരവ് വെയ്ക്കേണ്ടത്. 2025-26 സാമ്പത്തിക വർഷത്തെ വാർഷികകണക്ക് തയ്യാറാക്കുമ്പോൾ 4,60,344 രൂപ, 320200104 | Development Fund - Central Finance Commission Grant - Basic Tax Grant എന്ന ഹെഡിൽ നിന്നം ഡെബിറ്റ് ചെയ്ത് 320700105 Contributions For Joint Venture Projects (For Capital Expenditure) - From District Panchayats എന്ന ഹെഡിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 16/29.01.2026)

## 1-1-6 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം മൂന്ന് വർഷത്തിലധികം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതുണ്ട്. എന്നാൽ ഡെപ്പോസിറ്റ് റജിസ്റ്റർ പ്രകാരം മൂന്ന് വർഷത്തിലധികം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ ഉണ്ടെങ്കിലും ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | ഡെപ്പോസിറ്റ് | തുക | റിമാർക്ക്സ് |
|---|---|---|---|
| 340100101 | Contractors EMD | 7,500 | 28.12.2021 തീയതിയിലെ ഡെപ്പോസിറ്റ് |
| 340100103 | Bidders EMD | 16,117 | 21.09.2018മുതൽ 18.02.2021 വരെയുള്ള കാലയളവിലെ ഡെപ്പോസിറ്റുകൾ |
| 340100303 | Election Deposit | 29,500 | 13.11.2020 മുതൽ 17.11.2020 വരെയുള്ള കാലയളവിലെ ഡെപ്പോസിറ്റുകൾ |

(ഓഡിറ്റ് എൻക്വയറി നമ്പർ 16/29.01.2026)

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയതിയതി | 08.02.2024 | |
| കമ്മിറ്റിതീരുമാനം | 1(1) | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 278524989 | 278302129 |
| റിവൈസ്ഡ്ബജറ്റ് | | |
| പാസ്സാക്കിയതിയതി കമ്മിറ്റിതീരുമാനം റിവൈസ്ഡ് ബജറ്റ് | 15.03.2025 | |
| കമ്മിറ്റിതീരുമാനം | 1(1) | |
| പ്രതീക്ഷിതവരവ്, ചെലവ്എന്നിവ | വരവ് | ചെലവ് |
| | 235341185 | 221434004 |

## 1-3 ഫണ്ട് വിനിയോഗം

| | ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | /*ലാപ്സായ തുക |
| വികസന ഫണ്ട്-ജനറൽ | | 0 | 1,80,11,000 | 1,80,11,000 | 1,80,11,000 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 59,62,000 | 59,62,000 | 53,68,432 | *5,93,568 |
| മെയിന്റനൻസ്, റോഡ് | | 0 | 88,16,000 | 88,16,000 | 74,12,255 | *14,03,745 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 1,04,26,000 | 1,04,26,000 | 53,04,881 | *51,21,119 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക് | ബാങ്ക് | 17,58,827 | **36,99,252 | 54,58,079 | 30,07,512 | 24,50,567 |
| | ട്രഷറി | 0 | 5,897 | 5,897 | 5,897 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് –ടൈഡ് | ബാങ്ക് | 24,41,259 | 67,61,500 | 92,02,759 | 27,97,389 | 64,05,370 |
| | ട്രഷറി | 0 | 2,40,534 | 2,40,534 | 2,40,534 | 0 |
| ഹെൽത്ത് ഗ്രാന്റ് – രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 7,03,668 | 3,68,781 | 10,72,449 | 4,68,657 | 6,03,792 |
| ഹെൽത്ത് ഗ്രാന്റ് – ബിൽഡിംഗ്ലെസ്സ് സബ്സെന്റർ | | 28,05,500 | 95,097 | 29,00,597 | 0 | 29,00,597 |
| ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സികളെയും സബ്സെന്ററുകളെയും ഹെൽത്ത് & വെൽനെസ്സ് കേന്ദ്രങ്ങളാക്കി മാറ്റൽ | | 1,78,859 | 5,67,346 | 7,46,205 | 1,71,371 | 5,74,834 |
| ICDS | | 9,88,471 | 17,35,386 | 27,23,857 | 1,38,222 | 25,85,635 |
| Nirmal Puraskar | | 1,42,851 | 0 | 1,42,851 | 0 | 1,42,851 |
| DROUGHT RELIEF GRANT | | 33,200 | 0 | 33,200 | 0 | 33,200 |
| VIMUKTHI GRANT | | 52,554 | 0 | 52,554 | 0 | 52,554 |

**ഖണ്ഡിക 1-1-5-ൽ വരവ് രേഖപ്പെടുത്തിയതിലെ അപാകം പരാമർശിച്ചിട്ടുണ്ട്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയപ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 201 | 12,40,04,962 | 88 | 6,09,36,913 | 49.1 | 43.78 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 43.78 ശതമാനവും ആകെ അടങ്കൽ തുകയുടെ 49.1 ശതമാനവും മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഇത്തരം പ്രവണതകൾ അഭിലഷണീയമല്ല. വിവിധ മേഖലകളിലെ അവസ്ഥാരേഖ തയ്യാറാക്കി ഗ്രാമസഭകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രോജക്ടുകൾ ആവിഷ്കരിക്കുവാനും നടപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

അതുവഴി പഞ്ചായത്തിന് ലഭ്യമാകുന്ന ഫണ്ടുകൾ പരമാവധി ഉപയോഗപ്പെടുത്തുവാനും സാധിക്കും.

**1-5 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 13,01,386 | 13,01,386 | 13,01,386 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,79,23,233 | 1,79,23,233 | 1,79,23,233 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 11,47,624 | 11,47,624 | 11,47,624 | 0 |
| ആകെ | 0 | 2,03,72,243 | 2,03,72,243 | 2,03,72,243 | 0 |

**1-6 ക്ഷേമ പദ്ധതികൾ**

| പദ്ധതിയുടെപേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 43,67,600 | 2774 |
| വിധവാപെൻഷൻ | 1,53,51,800 | 13003 |
| വാർദ്ധക്യകാലപെൻഷൻ | 3,46,56,800 | 27299 |
| വികലാംഗപെൻഷൻ | 29,47,000 | 1982 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 16,05,600 | 1018 |

**1-7 ക്യാഷ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2026 തീയതിയിൽ 3.45 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 71,142 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

**1-9 E-Payment Counter 9998 - കളക്ഷൻ - കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്**

01.04.2025 മുതലാണ് പഞ്ചായത്തുകളിൽ കെ സ്മാർട്ട് സംവിധാനം നിലവിൽ വന്നത്. കെ സ്മാർട്ട് മുഖേന (ഇ-പോസ് മെഷീനിലെ കെ-സ്മാർട്ട് ആപ്പ് മുഖേനയോ, കെ-സ്മാർട്ട് വെബ്സൈറ്റ് മുഖേനയോ) ഓൺലൈൻ ആയി വരുന്ന വരവ് തുകകൾ (Counter Number 9998) ഇ-പേയ്മെന്റ് ഗേറ്റ് വേ സംവിധാനത്തിലൂടെയാണ് പഞ്ചായത്തുകൾക്ക് ലഭ്യമാകുന്നത്. ഒരു അപേക്ഷകൻ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ആനുപാതികമായുള്ള പഞ്ചായത്ത് വരവ് തുകകൾ ഐ.കെ.എം.പൂൾ അക്കൗണ്ടിൽ ക്രെഡിറ്റാകുകയും 48 മണിക്കൂറിനുള്ളിൽ വരവ് തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്യുന്നതാണ് ഇ-പേയ്മെന്റ് ഗേറ്റ്വേ സംവിധാനം. പഞ്ചായത്തിലെ ഐ.കെ.എം പേയ്മെന്റ് ഗേറ്റ് വേ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാകുന്ന ട്രാൻസാക്ഷൻ റിപ്പോർട്ട്, ഡിസ്പേഴ്സ്മെന്റ് റിപ്പോർട്ട് എന്നിവയും കെ-സ്മാർട്ടിൽ ലഭ്യമാവുന്ന ഡേ ബുക്ക്, ബാങ്ക് ബുക്ക് എന്നീ രേഖകളും

തുക ക്രെഡിറ്റ് ആവുന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റും ഒരേ സമയം പരിശോധിക്കുന്നതിലൂടെ മാത്രമേ വരവ് തുകകൾ കൃത്യമായി പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുകയുള്ളു. എന്നാൽ ഡേ ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരമുള്ള മുഴുവൻ തുകകളും ട്രാൻസാക്ഷൻ റിപ്പോർട്ടിൽ ലഭ്യമാവുന്നുണ്ടെകിലും പ്രസ്തുത തുകകൾ സ്ഥാപനത്തിന്റ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നത് ക്രമരഹിതമായ രീതിയിലാണ്.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | ഡേ ബുക്ക് പ്രകാരം റസീപ്റ്റ് ചെയ്യപ്പെട്ട തുക | ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ തുക (SBI A/C No. 37197693472) |
|---|---|---|---|
| 1 | 15.04.2025 | 5078 | - |
| 2 | 16.04.2025 | 5718 | - |
| 3 | 21.04.2025 | 6812 | - |
| 4 | 24.04.2025 | 6375 | - |
| 5 | 08.05.2025 | 7158 | 9447 |
| 6 | 09.05.2025 | 9685 | 1345 |
| 7 | 12.05.2025 | 10193 | 2861 |
| 8 | 25.06.2025 | 24896 | 6031 |
| 9 | 27.06.2025 | 28272 | 26909 |
| 10 | 02.07.2025 | 1431 | 10322 |

അതായത് വ്യത്യസ്ത ദിവസങ്ങളിലോ ഒരേ ദിവസങ്ങളിലോ നടന്ന വിവിധ ഇടപാടുകളിലെ വ്യത്യസ്ത തുകകൾ ക്രമരഹിതമായി ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഡേ ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടുള്ള മുഴുവൻ തുകകളും പഞ്ചായത്ത് അക്കൗണ്ടിലേക്ക് വന്നിട്ടുണ്ടോയെന്നു ഉറപ്പ് വരുത്തൽ വളരെയധികം സമയം ആവശ്യമുള്ള പ്രവർത്തിയാണ്. 48 മണിക്കൂറിനുള്ളിൽ വരവ് തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതുണ്ടെങ്കിലും പലപ്പോഴും ദിവസങ്ങൾക്ക് ശേഷമാണു തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ആവുന്നത്. കൂടാതെ ഐ.കെ.എം.പേയ്മെന്റ് ഗേറ്റ് വേ സോഫ്റ്റ് വെയറിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ലോഗിൻ ഐഡിയിൽ നിന്ന് മാത്രമേ മേൽ പരാമർശിച്ച ട്രാൻസാക്ഷൻ റിപ്പോർട്ട്, ഡിസ്പേഴ്സ്മെന്റ് റിപ്പോർട്ട് എന്നീ റിപ്പോർട്ടുകൾ ലഭ്യമാവുകയുള്ളു. പുതുതായി നിലവിൽ വന്ന ഓൺലൈൻ സംവിധാനത്തിൽ കെ-സ്മാർട്ട് ആപ്പ് മുഖേനയോ കെ-സ്മാർട്ട് വെബ്സൈറ്റ് മുഖേനയോ ക്യാഷ് അല്ലാതെ ലഭ്യമാവുന്ന തുകകൾ നേരിട്ട് ബാങ്ക്ബുക്കിൽ രസീത് ചെയ്യപ്പെടുന്നതിനാലും ബാങ്ക് അക്കൗണ്ടുകളുമായുള്ള റീ കൺസിലിയേഷൻ പത്രിക തയ്യാറാക്കാൻ സാധിക്കാത്തതിനാലും കണക്കുകളുടെ കൃത്യത എപ്രകാരമാണ് പഞ്ചായത്തിൽ ഉറപ്പാക്കുന്നതെന്ന വിവരം ലഭ്യമല്ല. ആയതിനാൽ 01.04.2025 മുതൽ 31.12.2025 തീയതി വരെ E-Payment Counter (നമ്പർ 9998) മുഖേന വരവ് വന്ന തുകകൾ എല്ലാം തന്നെ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടെന്നു ഉറപ്പ് വരുത്തുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 31/30.01.2026)

ക്യാഷ് അല്ലാതെ ഓൺലൈൻ ആയി പഞ്ചായത്തിലേക്ക് അടവാക്കുന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് പരിശോധിക്കുന്നതിന് നിലവിൽ ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഇല്ല. വരവ് തുകകളുടെ കൃത്യത പരിശോധിക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-10 ലൈസൻസ് നൽകുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം - അധികാരികൾ</u>

## പരിശോധിക്കുന്നില്ല

2024-25 സാമ്പത്തികവർഷത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ വിവാഹ ഹാൾ പ്രവർത്തിക്കുന്നതിനായി അപേക്ഷിച്ച സ്ഥാപനത്തിന്റെ വസ്തുനികുതി വാണിജ്യാവശ്യത്തിനുള്ള ഗണത്തിൽ ഉൾപ്പെടുത്തിയാണ് ഈടാക്കി വരുന്നത്.
കൂടുതൽ വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| | |
|---|---|
| **ഉടമയുടെ പേര്** | സെമിനാ സെബിർ |
| **കെട്ടിട നമ്പർ** | 13/336 എഫ് |
| **സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം** | വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ. |
| **സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം** | 297.36 ച. മീ. |
| **കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പേര്** | മന്ഹൽ പാലസ് |
| **നിലവിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം** | 788.76 ച. മീ. |

30.01.2026 ൽ ഓഡിറ്റ് വിഭാഗവും LID എൻജിനീയറിങ് വിഭാഗവും ചേർന്ന് നടത്തിയ പരിശോധനയിൽ സ്ഥാപനത്തിൽ രണ്ട് നിലകളിലായി ഓഡിറ്റോറിയം പ്രവർത്തിക്കുന്നുണ്ട് എന്ന് ബോധ്യപ്പെട്ടു. കെട്ടിടത്തിന് നിലവിൽ 788.76 ച. മീ. ഏരിയ വിസ്തീർണ്ണം ഉണ്ട്.

**<u>അപാകങ്ങൾ:</u>**

1. കെട്ടിടത്തിന്റെ ലൈസൻസ് നേടിയ ഉപയോഗക്രമവും വസ്തുനികുതി നിർണ്ണയിച്ച ഉപയോഗക്രമവും വ്യത്യസ്തമാണ്.
2. വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം കെട്ടിടത്തിൽ അനധികൃതമായി അധിക നിർമ്മാണം നടത്തി.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം ചട്ടം 4 ൽ പരാമർശിക്കുന്ന ഏതെങ്കിലും ഉപയോഗക്രമത്തിൽ മാറ്റം വന്നാൽ 30 ദിവസത്തിനകം ആയതു കെട്ടിടഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

**<u>ഓഡിറ്റ് നിർദേശങ്ങൾ :</u>**

1. ***<u>കെട്ടിടം ക്രമവൽക്കരിക്കേണ്ടതാണ്</u>***

2019 KPBR ചട്ടങ്ങൾ, ചട്ടം 92 പ്രകാരം ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ച്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജും ) ചട്ടങ്ങൾ പ്രകാരമുള്ള വസ്തു നികുതി ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.
പ്രസ്തുത കെട്ടിടം 2019 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ കെട്ടിട നമ്പർ അനുവദിക്കേണ്ടതും, സ്ഥാപനം പ്രവർത്തനം ആരംഭിച്ച കാലം മുതലുള്ള വസ്തു നികുതി ഈടാക്കേണ്ടതുമാണ്. 2019 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമല്ല നിർമ്മാണം എങ്കിൽ

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട മേൽ കെട്ടിടത്തിന് 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എഎ (1) പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിച്ചാൽ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി വകുപ്പ് 235 എഎ (3) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പകാരം പ്രത്യേക നമ്പർ അനുവദിച്ച് കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ ചട്ട പ്രകാരം കെട്ടിടം ക്രമവൽക്കരിക്കേണ്ടതും നിലവിൽ 'വാണിജ്യാവശ്യ'ത്തിനുള്ള ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്ന കെട്ടിടത്തെ 'ഓഡിറ്റോറിയം' ഗണത്തിലേക്ക് മാറ്റി വസ്തുനികുതി പുനഃനിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം: 34/30.01.2026)

## 1-11 മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിച്ചു വരുന്നു - വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ നിർമ്മാണ അറിയിപ്പ് നൽകാതെ നിർമ്മാണം പൂർത്തീകരിച്ച് മൊബൈൽ ടവറുകൾ പ്രവർത്തിച്ചു വരുന്നു.

17.01.2023 ലെ സ. ഉ. (പി) നമ്പർ 10/2023 എൽ. എസ്. ജി. ഡി. ഉത്തരവ് പ്രകാരം മൊബൈൽ ടവർ നിർമ്മാണത്തിന് മുമ്പായി ഗ്രാമപഞ്ചായത്തിൽ ചട്ടപ്രകാരമുള്ള ഫീസ് അടവാക്കി അറിയിപ്പ് ( ഇന്റിമേഷൻ) പ്ലാൻ സഹിതം ഹാജരാക്കേണ്ടതുണ്ട്. പിന്നീട് പണി പൂർത്തീകരിച്ച ശേഷം സെക്രട്ടറി സൈറ്റ് പരിശോധിച് നിർമ്മാണം നിയമാനുസൃതമാണെന്ന് ഉറപ്പ് വരുത്തി ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയും വസ്തു നികുതി നിർണ്ണയം നടത്തി ഈടാക്കേണ്ടതുമാണ്.

വാർഡ്-4 ൽ ഇന്ദിര കൊല്ലാറ വീട്ടിൽ എന്നവരുടെ ഉടമസ്ഥതയുള്ള സ്ഥലത്ത് ഗ്രാമപഞ്ചായത്തിൽ അറിയിപ്പു പോലും നൽകാതെ മൊബൈൽ ടവറിന്റെ പണി പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ, സഞ്ചയ സോഫ്ട്‌വെയർ പരിശോധിച്ചപ്പോൾ 4 ആം വാർഡിൽ മൊബൈൽ ടവറുകൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി ആയത് ഈടാക്കിയിട്ടില്ല .

ഓഡിറ്റ് ടീം 30.01.2026 ൽ LSGD സാങ്കേതിക വിഭാഗത്തോടൊപ്പം നടത്തിയ പരിശോധനയിൽ മൊബൈൽ ടവർ പ്രവർത്തനം നടത്തുന്നതായി നേരിൽ കണ്ട് ബോധ്യപ്പെട്ടു. ടവർ 2 വർഷമായി പണി പൂർത്തീകരണം നടത്തി പ്രവർത്തിച്ചു വരുന്നതായി പ്രദേശവാസികൾ വ്യക്തമാക്കിയിട്ടുണ്ട്.

മൊബൈൽടവറിന്റെ അനധികൃത നിർമ്മാണവും പ്രവർത്തനവും നാളിതുവരെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുകയോ ആയത് ക്രമവൽക്കരിച്ച് നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് ( 35/30.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

അനധികൃതമായി നിർമ്മാണം നടത്തിയ പ്രസ്തുത ടവർ 2019 KPBR ചട്ടങ്ങൾ, ചട്ടം 92 പ്രകാരം ക്രമവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ച്, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജും ) ചട്ടങ്ങൾ പ്രകാരമുള്ള വസ്തു നികുതി ഈടാക്കേണ്ടതും പ്രസ്തുത ടവർ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമല്ല നിർമ്മിച്ചിട്ടുള്ളത് എങ്കിൽ 1994ലെ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 235AA(1), 235AA(3) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നടപടികൾ സ്വീകരിച്ച് വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ ലൈസൻസോടു കൂടി ആശുപത്രി

പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ FATEOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം , 7/ 268 എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള **പാദുവ ഹോസ്പിറ്റൽ** എന്ന സ്ഥാപനത്തിന് ഫാക്ടറി/വ്യാപാരം/സംരംഭകത്വം മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ്, കെ.പി.ആർ ആക്റ്റ് സെക്ഷൻ 232, IFTE & OS ലൈസൻസ് ചട്ടങ്ങൾ 1996 എന്നിവ അനുസരിച്ച്, 23.1.2024-ലെ JC3/335/26 നമ്പർ പ്രകാരം പഞ്ചായത്തിൽ നിന്ന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ആം വകുപ്പ്, 2 ഉം 5 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ചു ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ, 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം ആശുപത്രി വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അന്തിക്കാട് ഗ്രാമ പഞ്ചായത്തിൽ ചതുരശ്ര മീറ്ററിന് 8 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കുന്നത്. 7/269 നമ്പറിലുള്ള 40 ച. മീ മാത്രമാണ് വിസ്തീർണ്ണമുള്ള കെട്ടിടം പാദുവ ആശുപത്രി ക്വാർട്ടേഴ്സ് ആയിട്ടാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിലെ ആശുപത്രി കാറ്റഗറിയിലുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ പ്രസ്തുത ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

പാദുവ ആശുപത്രിയുടെയും അനുബന്ധ കെട്ടിടങ്ങളുടെയും ഫോം-6 പ്രകാരമുള്ള വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം(ച.മീ) | ഈടാക്കുന്ന നികുതി |
|---|---|---|---|
| 7/268 | പ്രൊവിൻഷ്യൽ സുപ്പീരിയർ, പാദുവ എഫ്. സി കോൺവെന്റ് | 1230 | നികുതി ഒഴിവാക്കപ്പെട്ട കെട്ടിടം |
| 7/269 | പാദുവ ആശുപത്രി ക്വാട്ടേഴ്സ് | 40 | 233 |
| 7/270 | പാദുവ ആശുപത്രി ക്വാട്ടേഴ്സ് | 40 | 269 |

മേൽ പട്ടികയിലെ 7/268 നമ്പർ കെട്ടിടത്തിലാണ് ആശുപത്രി പ്രവർത്തിക്കുന്നതായി പഞ്ചായത്ത് അറിയിച്ചിട്ടുള്ളത്. എന്നാൽ ടി കെട്ടിടം സഞ്ചയയിൽ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന് ആധാരമായ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

30.1.2026 ൽ ആശുപത്രിയിൽ ഓഡിറ്റ് ടീമും പഞ്ചായത്ത് എൻജിനീയറിങ് വിഭാഗവും ഒന്നിച്ചു നടത്തിയ പരിശോധനയിൽ 7/268 നം. കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തി എന്ന് വ്യക്തമാണ്. സ്ഥാപന അധികൃതർ തയ്യാറാക്കിയ സ്കെച്ച് പ്രകാരം പാദുവ ഹോസ്പിറ്റൽ 1765.3 ച. മി. (ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ) ഏരിയ ഉള്ളതായി വ്യക്തമായിട്ടുണ്ട്. എന്നാൽ കെട്ടിടം നാളിതു വരെ ക്രമവൽക്കരിച്ചിട്ടില്ല.

ഓഡിറ്റ് നിർദേശം

സ്ഥാപനത്തിൽ ഫീൽഡ് പരിശോധന നടത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ

പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 എഎ (1) പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിച്ചാൽ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി വകുപ്പ് 235 എഎ (3) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ അനുവദിക്കേണ്ടതും നിലവിലുള്ള മുഴുവൻ കെട്ടിടഭാഗങ്ങളും ക്രമവൽക്കരിക്കുന്നത് വരെ കോമ്പൗണ്ടിൽ നിർമ്മിച്ച എല്ലാ നിർമ്മാണങ്ങളുടെയും ഏരിയ കണക്കാക്കി 235 എഎ (1), 235 എഎ(3) എന്നിവ പ്രകാരം വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. മാത്രമല്ല അന്യായമായി നൽകിയ വസ്തുനികുതി ഇളവ് പിൻവലിച്ച് വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 36/30.01.2026)

## 1-13 പുതിയ തോട്ടം വികസിപ്പിക്കൽ - അംഗീകൃത ഗുണഭോക്ത്ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 18/24-25 |
| പ്രോജക്ടിന്റെ പേര് | പുതിയ തോട്ടം വികസിപ്പിക്കൽ |
| അടങ്കൽ | 10,000 |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെലവ് തുക | 10,000 |
| വൗച്ചർനം.,തീയതി | 42400992/05.03.2025 |
| നിർവ്വഹണം | കൃഷി ഓഫീസർ |
| പ്രൊഫോർമ ഇൻവോയ്സ് നം. | #PF- 894/17.12.2024 |

2024-25 വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പുതിയ തോട്ടം വികസിപ്പിക്കൽ എന്ന പദ്ധതി പ്രകാരം അന്തിക്കാട് അഗ്രോ സർവീസ് സെന്ററിൽ നിന്ന് 5 ഇനം പച്ചക്കറി തൈകളായ മുളക്, വഴുതിന , തക്കാളി, വെണ്ട, പയർ എന്നിവയുടെ 666 വീതം തൈകൾ വാങ്ങുകയും ഇവ 53 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിരിക്കുന്നതായി വിതരണ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. ടി ഗുണഭോക്താക്കളുടെ അപേക്ഷ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വ്യക്തികളുടെ ആധാറും കരം അടച്ച രസീതും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രസ്തുത പ്രോജക്ട് ഗാമസഭയിൽ ചർച്ച ചെയ്യുകയോ ആയതിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ ആയതിന് ഭരണസമിതി അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.
അപാകതകൾ പഞ്ചായത്തിനെ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/30.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത ഭരണസമിതി തീരുമാനം, ഗുണഭോക്തൃലിസ്റ്റ് എന്നിവ വിതരണരജിസ്റ്റർ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-14 ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022 – ലെ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ സബ്സിഡി

മാർഗ്ഗരേഖ ഖ. 7.6.7 പ്രകാരം വരുമാനപരിധിക്ക് വിധേയമായി എല്ലാ വിഭാഗം വൃക്കരോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനായി ആഴ്ചയിൽ 1,000 രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4,000 രൂപ എന്ന നിരക്കിൽ ബന്ധപ്പെട്ട ആശുപത്രിക്ക് (സർക്കാർ, സ്വകാര്യ ആശുപത്രി) തുക നൽകാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം ഡയാലിസിസ് രോഗികൾക്ക് ധനസഹായം അനുവദിക്കൽ എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര്, നമ്പർ | നിർവ്വഹണം | അടങ്കൽ | ചെലവ് | വൗച്ചർ നം./ തീയതി |
|---|---|---|---|---|
| ഡയാലിസിസ് രോഗികൾക്ക് ധനസഹായം അനുവദിക്കൽ പ്രോജക്ട്നം- 211/25 | മെഡിക്കൽ ഓഫീസർ, (എഫ്. എച്ച്. സി,അന്തിക്കാട് ) | ₹4,00,000 (3,85,000 വികസന ഫണ്ട് ജനറൽ, 15,000/- തനത് ഫണ്ട്) | ₹2,12,000/- (വികസന ഫണ്ട് ജനറൽ) | 42401346/ 7.3.25-2,12,000 |

പ്രോജക്ട് പ്രകാരം 7 ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യമാണ് വിവിധ ആശുപത്രികൾക്കായി നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ഹോസ്പിറ്റൽ | ചികത്സാ കാലയളവ് | നൽകിയ തുക |
|---|---|---|---|---|
| 1 | എം. ആർ. രാമദാസ് | കോ – ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, തൃശൂർ. | ഏപ്രിൽ 2024 മുതൽ ജനുവരി 2025 വരെ | 40,000 |
| 2 | സുമേഷ് പി. കെ. | കോ – ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, തൃശൂർ. | ഏപ്രിൽ 2024 മുതൽ നവംബർ 2024 വരെ | 32,000 |
| 3 | ചന്ദ്രൻ പി. കെ. | മദർ ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്. | ഏപ്രിൽ 2024 മുതൽ നവംബർ 2024 വരെ | 32,000 |
| 4 | പ്രേമൻ | മേരി ഇമ്മാക്കുലേറ്റ് മിഷൻ ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ. | ഏപ്രിൽ 2024 മുതൽ ജനുവരി 2025 വരെ | 40,000 |
| 5 | ഫിലോമിന | ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ. | സെപ്റ്റംബർ 2024 മുതൽ ജനുവരി 2025 വരെ | 20,000 |
| 6 | ജോണി കെ ടി | സെന്റ് ആന്റണീസ് മിഷൻ ഹോസ്പിറ്റൽ, | സെപ്തംബർ 2024 മുതൽ ജനുവരി 2025 വരെ | 20,000 |

| ക്രമ നം. | ഗുണഭോക്താവ് | ഹോസ്പിറ്റൽ | ചികത്സാ കാലയളവ് | നൽകിയ തുക |
|---|---|---|---|---|
| | | പഴുവിൽ. | | |
| 7 | ജമീല | ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശൂർ. | ജൂലൈ 2024 മുതൽ ജനുവരി 2025 വരെ | 28,000 |

ഒരു രോഗിക്ക് ഓരോ മാസവും ഡയാലിസിസിനായി ചെലവഴിച്ച തുക സ്ഥാപനത്തിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തിയത് പ്രകാരമാണ് ആശുപത്രികൾക്ക് അനുവദിച്ചിട്ടുള്ളത്. രോഗികൾക്ക് ഡയാലിസിസ് നടത്തിയതിന്റെ സമയം, തിയ്യതി ,ഡോക്ടറുടെ റിമാർക്സ് എന്നിവ ഉൾപ്പെട്ട ഡയാലിസിസ് കാർഡ്, ചെലവു രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആശുപത്രികൾ ക്ലെയിം ചെയ്തതു പ്രകാരം രോഗികൾ ഡയാലിസിസ് നടത്തിയിട്ടുണ്ട് എന്നതു സംബന്ധിച്ച പരിശോധന നടത്തുന്നതിന് സാധിച്ചിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. രോഗികൾക്ക് ആശുപത്രികൾ സൗജന്യമായി ഡയാലിസിസ് നൽകിയതിന്റെയോ/രോഗികൾക്കുള്ള ചികിത്സാ സഹായമായി ഹോസ്പിറ്റലുകൾക്ക് നൽകിയ തുക രോഗികൾക്ക് തിരികെ നൽകിയതിന്റെയോ, ബില്ലുകളിൽ ക്രമീകരിച്ചതിന്റെയോ രേഖകൾ ഫയലിൽ ഇല്ല. ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
( ഓഡിറ്റ് അന്വേഷണം നമ്പർ : 19/ 29.1.2026 )

## 1-15 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി-- മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 18/24-25 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ |
| അടങ്കൽ | 3,00,000 |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് തുക/ | 3,00,000 |
| വൌച്ചർ നം.,തീയതി | 42401412/27.12.2024 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| പ്രൊഫോർമ ഇൻവോയ്സ് നം. | PF- 894/17.12.2024 |
| ലഭ്യമായ മരുന്നുകളുടെ വിവരം | ഇൻവോയ്സ് നം. 618/3.7.2025--1,94,638 |
| | ഇൻവോയ്സ് നം. 780/15.7.2025--69,202 |
| | ഇൻവോയ്സ് നം.1822/16.10.2025-35,933 |
| | ആകെ ലഭ്യമായ മരുന്നുകൾ --- 2,99,773 |

2024-25 വർഷം മെഡിക്കൽ ഓഫീസർ എഫ്. എച്ച്. സി. നിർവ്വഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ എന്ന പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 3,00,000/-രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ആകെ 2,99,773 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 227രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.
ബാക്കി മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ : 20/ 29.1.2026)

## 1-16 എഫ് എച്ച് സിയിലേക്ക് അത്യാവശ്യ മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 113/24-25 |
| പ്രോജക്ടിന്റെ പേര് | എഫ്. എച്ച്. സി.യിലേക്ക് അത്യാവശ്യ മരുന്ന് വാങ്ങൽ |
| അടങ്കൽ | 8,00,000 |
| ഫണ്ടിനം | മെയ്ന്റനൻസ് ഫണ്ട് (നോൺ റോഡ്) |
| ചെലവ് തുക | 7,99,671 |
| വൌച്ചർ നം.,തീയതി | 42401412/27.12.2024 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ്. എച്ച്. സി. |
| പ്രൊഫോർമ ഇൻവോയ്സ് നം. | PRF- 2660/24.12.2024 |
| ലഭ്യമായ മരുന്നുകളുടെ വിവരം | ഇൻവോയ്സ് 2105/3.3.2025- 50,162 |
| | 2167/24.3.2025— 13,485 |
| | 2168/24.3.2025— 42,131 |
| | 87/11.4.2025— 33,448 |
| | 246/26.4.2025 – 1,05,308 |
| | 407/8.5.2025- 59,001 |
| | 760/31.5.2025- 2,807 |
| | 805/3.6.25 – 23,296 |
| | 1279/10.7.2025- 45,295 |
| | 1686/18.8.2025 – 4,182 |

2024-25 വർഷം മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി.) നിർവ്വഹണം നടത്തിയ എഫ് എച്ച് സിയിലേക്ക് അത്യാവശ്യ മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 4,00,000 രൂപ കേരള മെഡിക്കൽ സെർവിസസ് കോ -ഓപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ടെങ്കിലും ആകെ 3,79,115 തുകയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 20,885 രൂപയ്ക്കുള്ള മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്.
ആയത് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ : 24/ 29.1.2026)

## 1-17 അതിദാരിദ്ര്യം നിർമ്മാർജ്ജനം മരുന്ന് വിതരണം - അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 103/24-25 |
| പ്രോജക്ടിന്റെ പേര് | അതിദാരിദ്ര്യം നിർമ്മാർജ്ജനം- മരുന്ന് വിതരണം |

| | |
|---|---|
| അടങ്കൽ | 25,000 |
| ഫണ്ടിനം | വികസന ഫണ്ട് (പൊതുവിഭാഗം) |
| ചെലവ് തുക | 22,919 |
| വൌച്ചർ നം.,തീയതി | 42401285/12.03.2025 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ്. എച്ച്. സി. |

2024-25 വർഷം മെഡിക്കൽ ഓഫീസർ (എഫ്. എച്ച്. സി.) നിർവ്വഹണം നടത്തിയ അതിദാരിദ്ര്യം നിർമ്മാർജ്ജനം- മരുന്ന് വിതരണം എന്ന പദ്ധതി പ്രകാരം അതി ദരിദ്രരായ രോഗികൾക്ക് മരുന്ന് വാങ്ങുകയും വിതരണം ചെയ്യുകയും ആണ് ലക്ഷ്യം. എന്നാൽ പ്രസ്തുത പ്രോജക്റ്റ് പ്രകാരം മരുന്നുകൾ നൽകാൻ അർഹരായ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിതരണ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. അർഹരായ ഗുണഭോക്താക്കൾക്ക് തന്നെ മരുന്നുകൾ ലഭ്യമായോ എന്ന പരിശോധന സാധ്യമായിട്ടില്ല. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് , മരുന്നുകളുടെ വിതരണവിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ : 25/ 29.1.2026)

## 1-18 ഗുരുതരരോഗമുള്ളവർക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ- അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 222/24-25 |
| പ്രോജക്ടിന്റെ പേര് | ഗുരുതരരോഗമുള്ളവർക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 1,00,000/- |
| ഫണ്ടിനം | മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക | 99,880 |
| വൌച്ചർ നം. | 42401405/04.01.2025 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്. സി. |

2024-25 വർഷം മെഡിക്കൽ ഓഫീസർ (എഫ്.എച്ച്. സി.) നിർവ്വഹണം നടത്തിയ ഗുരുതരരോഗമുള്ളവർക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ പദ്ധതി പ്രകാരം ഗുരുതരരോഗമുള്ളവർക്ക് മരുന്ന് വാങ്ങുകയും വിതരണം ചെയ്യുകയും ആണ് ലക്ഷ്യം. എന്നാൽ പ്രസ്തുത പ്രോജക്റ്റ് പ്രകാരം മരുന്നുകൾ നൽകാൻ അർഹരായ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 110 ക്യാപില്ലറി ഡയലൈസർ വാങ്ങിയത് 10 രോഗികൾക്ക് വിതരണം ചെയ്തതായാണ് കാണുന്നത്. അർഹരായ ഗുണഭോക്താക്കൾക്ക് തന്നെ മരുന്നുകൾ ലഭ്യമായോ എന്ന പരിശോധന സാധ്യമായിട്ടില്ല.
ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, മരുന്നുകളുടെ വിതരണവിവരങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നമ്പർ : 26/29.1.2026)

## 1-19 പ്രോജക്ടിന് ചെലവഴിക്കേണ്ട തുക നിർവഹണഉദ്യോഗസ്ഥയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

നിർവഹണഉദ്യോഗസ്ഥ–ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രോജക്ട് -- ഭിന്നശേഷിക്കാർക്ക് ഇലക്ട്രിക് വീൽചെയർ

അടങ്കൽ -- 1,30,000 (1,00,000 -വികസനഫണ്ട് ജനറൽ 30,000 --തനതുഫണ്ട് )

ചെലവ് -- 30,000 --തനതുഫണ്ട്

വൗച്ചർ നം.-- 42401067/25.3.25

മേൽ പ്രോജക്ടിന്റെ ചെലവുരേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/28.1.26 )മറുപടിയായി ഈ പ്രോജക്ടുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ചെയ്തിട്ടുള്ളതും ഇലക്ട്രിക് വീൽചെയറിന് വിതരണാനുമതി നൽകിയതുമാണെന്നും എന്നാൽ വീൽചെയർ സപ്ലൈ ചെയ്യാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് തനതുഫണ്ടിൽ നിന്ന് 30,000 രൂപ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 40320100101953, കേരള ഗ്രാമീൺബാങ്ക്, കാഞ്ഞാണി)മാറ്റിയിരിക്കുകയാണ് എന്നും നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.
ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ, ഭരണസമിതി തീരുമാനം, സപ്ലൈ ഓർഡർ, മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥത്തിൽ ചെലവ് വരുന്നതിന് മുമ്പ് തന്നെ തുക സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിർവഹണഉദ്യോഗസ്ഥയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെലവഴിച്ചതായി സുലേഖ ചെലവ് പത്രികയിൽ ചേർക്കുകയും ചെയ്തിട്ടുണ്ട് .
അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 30,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 മാലിന്യസംസ്കരണഉപാധികളുടെ വിതരണം -- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യസംസ്കരണഉപാധികളുടെ വിതരണത്തിനായി വി.ഇ.ഒ നിർവഹണഉദ്യോഗസ്ഥയായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് -- 66/25 – ശുചിപൂർണ്ണ ബയോബിൻ

നിർവഹണഉദ്യോഗസ്ഥ – വി.ഇ.ഒ.(അന്തിക്കാട് സർക്കിൾ)

അടങ്കൽ -- 2,49,480( 2,24,532- ധനകാര്യകമ്മീഷൻ ഗ്രാന്റ്

24,948--ഗുണഭോക്തൃവിഹിതം)

ചെലവ് -- 2,48,215(2,23,365-ധനകാര്യകമ്മീഷൻ ഗ്രാന്റ് 24,850-ഗുണഭോക്തൃവിഹിതം)

വൗച്ചർ നം-- 1)4240108 /18.3.25 -97,888 (Raidco)

2)42401078 /27.3.25 – 24,850 ( ഹരിതകർമ്മസേന)

3)42401073 /26.3.25 – 75,863 (Raidco)

4)42401074 /26.3.25 – 49,614 ( ഹരിതകർമ്മസേന)

ഇൻവോയ്സ് നം.,എണ്ണം -- TSR/416/2024-25/3.3.25 – 80 Nos – 1,39,840

TSR/438/2024-25/19.3.25 – 62 Nos – 1,08,376

സപ്ലൈ ചെയ്ത ഏജൻസി -- Raidco

മേൽവൗച്ചറുകൾ പ്രകാരം റെയ്ഡ്കോ ക്കും ഹരിതകർമ്മസേനക്കും തുക കൈമാറി.

2. പ്രോജക്ട് -- 16/25 – റിംഗ് കമ്പോസ്റ്റ്

നിർവഹണഉദ്യോഗസ്ഥ – വി.ഇ.ഒ.(പടിയം സർക്കിൾ)

അടങ്കൽ -- 2,47,632( 2,22,882- ധനകാര്യകമ്മീഷൻ ഗ്രാന്റ്

24,750--ഗുണഭോക്തൃവിഹിതം)

ചെലവ് -- 2,45,410(222882-ധനകാര്യകമ്മീഷൻ ഗ്രാന്റ് 22528-ഗുണഭോക്തൃവിഹിതം)

വൗച്ചർ നം--1) 42401028 /14.3.25 -1,71,787 (Raidco)

2)42401027 /14.3.25 – 24,750 ( ഹരിതകർമ്മസേന)

3)42401057 /24.3.25 – 26,345 ( ഹരിതകർമ്മസേന)

4)42401077 /27.3.25 – 22,528 ( ഹരിതകർമ്മസേന)

ഇൻവോയ്സ് നം.,എണ്ണം -- TSR/414/2024-25/3.3.25 – 97 Nos – 2,45,410

സപ്ലൈ ചെയ്ത ഏജൻസി -- Raidco

മേൽവൗച്ചറുകൾ പ്രകാരം തുക റെയ്ഡ്കോ ക്കും ഹരിതകർമ്മസേനക്കും കൈമാറി.

കമ്പോസ്റ്റിംഗ് ഉപാധികൾ വാങ്ങി നൽകുന്നത് സംബന്ധിച്ച 04.01.2024 ലെ സ.ഉ.(സാധാ)34/2024/ എൽ.എസ്.ജി.ഡി. ഉത്തരവ് ഖണ്ഡിക 3 പ്രകാരം മാലിന്യ സംസ്ക്കരണ ഉപാധികൾ വാങ്ങി നൽകുമ്പോൾ താഴെ പറയുന്ന തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

A. മാലിന്യ സംസ്ക്കരണ ഉപാധികൾ സ്ഥാപിക്കുന്ന വീടുകൾ ജിയോ ടാഗ് ചെയ്യേണ്ടതും ഗൃഹനാഥയുടെ പേര്, വീട്ട് നമ്പർ, കോൺടാക്ട് നം., എന്നിവ രേഖപ്പെടുത്തേണ്ടതുമാണ്.

B. ഉപാധിയുടെ പ്രവർത്തനം ഗുണഭോക്താക്കൾക്ക് വിശദീകരിച്ച് നൽകേണ്ടതാണ്.

C. മാലിന്യ സംസ്ക്കരണ ഉപാധികൾ ലഭ്യമായ ഗുണഭോക്താക്കളുടെ വാട്സ് ആപ്പ് ഗ്രൂപ്പ് വാർഡടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതും മാലിന്യ സംസ്ക്കരണ ഉപാധികളുമായി ബന്ധപ്പെട്ട ദൈനം ദിന പ്രശ്നങ്ങൾ ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നതിന് സാധിക്കേണ്ടതുമാണ്. വിതരണ സ്ഥാപനത്തിന്റെ പ്രതിനിധി, വാർഡിന്റെ ചുമതലയുള്ള ചാർജ്ജ് ഓഫീസർ എന്നിവർ ഗ്രൂപ്പിൽ അംഗങ്ങളായിരിക്കേണ്ടതുമാണ്.

D. ഇനോക്കുലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തേണ്ടതാണ്.

E. ജൈവ മാലിന്യ സംസ്ക്കരണ ഉപാധി നൽകുന്ന ഏജൻസി കുറഞ്ഞത് 3 വർഷത്തേക്ക് വാറണ്ടി നൽകേണ്ടതും കേടാകുന്ന പക്ഷം മാറ്റി നൽകേണ്ടതുമാണ്. 5 വർഷക്കാലം ഇനോക്കുലം വിതരണത്തിനുള്ള സംവിധാനവും നൽകേണ്ടതാണ്. ആയത് തദ്ദേശ സ്ഥാപനം ഉറപ്പ് വരുത്തേണ്ടതാണ്.

F. വിതരണ ഏജൻസി ഉപാധിയുടെ നിർമ്മാതാവിൽ നിന്നും വാറണ്ടി സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിരിക്കേണ്ടതാണ്.

G. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുന്ന ബിന്നുകളിൽ നിന്നും റാന്റമായി മൂന്ന് മാസത്തിനകം ക്വാളിറ്റി ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. ഇങ്ങനെ നടത്തുന്ന ടെസ്റ്റ് റിപ്പോർട്ട് ശുചിത്വ മിഷന് അയച്ച് നൽകേണ്ടതുമാണ്. റാന്റം ടെസ്റ്റ് പരാജയപ്പെടുകയാണെങ്കിൽ മുഴുവൻ ഉത്തരവാദിത്വവും വിതരണം ചെയ്യുന്ന ഏജൻസിക്കായിരിക്കും. ടെസ്റ്റ് നടത്തുന്ന ചെലവ് ബന്ധപ്പെട്ട ഏജൻസി വഹിക്കേണ്ടതാണ്.

H. മാലിന്യ സംസ്ക്കരണ ഉപാധികൾ സബ്സിഡി നിരക്കിൽ വാങ്ങുകയും എന്നാൽ 3 മാസക്കാലം മറ്റ് മാർഗ്ഗങ്ങളിൽ മാലിന്യം സംസ്ക്കരിക്കുകയോ, തുടർച്ചയായി ഉപയോഗിക്കാതിരിക്കുകയോ, മാലിന്യ സംസ്ക്കരണത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യുന്നതായി കണ്ടെത്തിയാൽ ടി ഗുണഭോക്താവിൽ നിന്നും ബിന്നിന്റെ വില 18% പലിശ ഉൾപ്പെടെ തദ്ദേശ സ്വയം ഭരണ സ്ഥാപനം ഈടാക്കുന്നതാണെന്ന വ്യവസ്ഥ ഗുണഭോക്താവുമായി ഉണ്ടാക്കുന്ന എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുമാണ്.

ഗുണഭോക്താക്കൾക്ക് മാലിന്യസംസ്കരണഉപാധികൾ വിതരണം ചെയ്തതിന് ശേഷം മേൽ കാണിച്ച പ്രവർത്തനങ്ങൾ ജിയോടാഗിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഹരിതകർമ്മസേനയുമായി സഹകരിച്ച് നടന്നുവരികയാണ് എന്ന് നിർവഹണഉദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറിക്ക് (നം.9/28.1.26)മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി മാലിന്യസംസ്കരണഉപാധികൾ പൂർണ്ണതോതിൽ ഉപയോഗപ്രദമാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-21 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

ഐ. സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിൽ ഒരു ഗുണഭോക്താവിന് 50,000രൂപ വീതം മൂന്ന് പേർക്കായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് പട്ടികയിൽ ചേർത്തിട്ടുള്ള പ്രകാരം തുക കൈമാറിയെങ്കിലും വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

| പ്രോജക്ട് | അടങ്കൽ | വൗച്ചർ നം. | ഗുണഭോക്താക്കൾ | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 117/25 – കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ഫണ്ട് | 1,00,000 വികസനഫണ്ട് ജനറൽ | 42401223/ 11.12.24 – 1,00,000 | 1.സൗരീഷ് കെ എസ്, കടുക്കാട്ട്, പുത്തൻകോവിലകം, അന്തിക്കാട് 2. ജിലിൻ ജോസഫ് പി, പുത്തൻഐനിക്കൽ,അന്തിക്കാട് | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി |
| 137/25 – കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ഫണ്ട് കൈമാറൽ (സ്പിൽ ഓവർ) | 50,000 വികസനഫണ്ട് ജനറൽ | 42401134/ 17.5.24 -- 50,000 | ജിലിൻ ജോസഫ് പി, പുത്തൻഐനിക്കൽ ,അന്തിക്കാട് | സ്റ്റേറ്റ് ഹെൽത്ത് ഏജൻസി |

സർക്കുലർ നം.ഡി.എ1/284/2023 തസ്വഭവ തിയ്യതി 09.11.2023 ഉത്തരവ് പ്രകാരം കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറേണ്ടതും ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം.21/29.1.26)വിനിയോഗവിവരം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്ന് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

മേൽപ്രകാരം കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 ഭവനനിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല

വി.ഇ.ഒ , അന്തിക്കാട് സർക്കിൾ നടപ്പാക്കിയ ലൈഫ് (എസ്.സി.) ഭവനപദ്ധതിയിൽ ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ വീടുനിർമ്മാണം ആരംഭിച്ചിട്ടില്ല. ഈ പ്രോജക്ടിൽ ഗുണഭോക്താവിന് നൽകുന്ന ആകെ ധനസഹായം 4 ലക്ഷം രൂപയാണ്.

ഗുണഭോക്താവിന്റെ പേര് -- ജെലീഷ് വേലായുധൻ

നാരായണൻകാട്ടിൽ,വാർഡ് 4

കൈപ്പറ്റിയ തുക –40,000

വൗച്ചർ നം.-- 42401177 /31.7.24 – 2,00,000

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം. 8/28.1.26) മറുപടിയായി ഭവനനിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ് എന്ന് നിർവഹണഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കി ഫണ്ട് ചെലവഴിച്ച അതേ ശീർഷകത്തിലേക്ക് അടവാക്കേണ്ടതാണ്.

## 1-23 അനുപൂരക പോഷകാഹാര പരിപാടി-കേന്ദ്ര വിഹിതം - ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ അനുപൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 2024-25 വർഷാവസാനത്തിൽ 320100196 എന്ന ശീർഷകത്തിൽ 37,24,319 രൂപ നീക്കിയിരിപ്പുള്ളതായി വാർഷിക ധനകാര്യപത്രിക B4 സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി കാണുന്നു.

കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക യഥാസമയം വിനിയോഗിക്കുന്നില്ലായെങ്കിൽ ബാക്കി നിൽക്കുന്ന തുക ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കുന്നതിന് General Finance Rules 2017 Rule 230 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

03.09.2010ലെ നം.39033/DC2/10 ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം അനുപൂരക പോഷകാഹാര പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ 50% തുക കെട്ടിടമില്ലാത്ത അംഗൻവാടികളുടെ കെട്ടിട നിർമ്മാണത്തിനോ അല്ലാത്ത പക്ഷം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ കളിയുപകരണങ്ങൾ, പാത്രങ്ങൾ/ സംഭരണികൾ മുതലായവ വാങ്ങുന്നതിനോ വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അനുപൂരക പോഷകാഹാര പദ്ധതിയുടെ കേന്ദ്രവിഹിതമായി നിലവിൽ ലഭിക്കുന്ന 60% തുക യഥാസമയം പ്രോജക്ടിലുൾപ്പെടുത്തി ചെലവഴിക്കാത്തതു മൂലമാണ് ഇത്തരത്തിൽ തുക അവശേഷിക്കാൻ ഇടയായിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയിൽ മതിയായ തുക കേന്ദ്രവിഹിതമായി വകയിരുത്തിയിട്ടില്ല. കേന്ദ്രവിഹിതമായി ലഭിക്കുന്ന തുക യഥാസമയം പദ്ധതിയിലുൾപ്പെടുത്തി ചെലവഴിക്കാതിരുന്നാൽ ആയത് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറിക്ക് (നം.6/28.1.26) മറുപടിയായി കേന്ദ്രവിഹിതം വിനിയോഗിച്ച് 108ാം നം. അംഗൻവാടിക്ക് കെട്ടിടം പണിയുന്നതിന് ശ്രമം നടത്തിയെങ്കിലും സ്ഥലലഭ്യത സാധ്യമായിട്ടില്ലാത്തതിനാൽ ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല എന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.
കേന്ദ്രവിഹിതം ചെലവഴിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക അനുയോജ്യമായ ശീർഷകത്തിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-24 ഒരേ ഗുണഭോക്താവിന് രണ്ട് തവണ ധനസഹായം അനുവദിച്ചു-- ഓഡിറ്റ് എൻക്വയറിയെതുടർന്ന് തിരികെ അടവാക്കി

നിർവഹണഉദ്യോഗസ്ഥൻ -- വിഇ ഒ അന്തിക്കാട് സർക്കിൾ

പ്രോജക്ട് -- ഹരിതകേരളം ജലസംരക്ഷണം കിണർറീചാർജ്ജിംഗ് (ജനറൽ )

അടങ്കൽ -- 7,76,000(ധനകാര്യകമ്മീഷൻ ഗ്രാന്റ് )

ചെലവ് -- 3,39,903

വൗച്ചർ നം.-- 42401063/24.3.25 – 59,204

42401010/11.3.25 – 1,02,669

42401011/11.3.25 – 12,000

42400862/31.1.25 – 23,503

42400863/31.1.25 – 1,30,527

42401072 /26.3.25 – 12,000

കിണർ റീചാർജ്ജിംഗ് നടത്തുന്നതിന് ഓവർസിയറുടെ വാലേഷന്റെ അടിസ്ഥാനത്തിൽ പരമാവധി 12,000 രൂപ വരെ നല്കുന്ന പ്രോജക്ടാണിത്.

ഈ പ്രോജക്ടിൽ ,സുമേഷ് തൊട്ടിപ്പറമ്പിൽ എന്ന ഗുണഭോക്താവിന് രണ്ട് ബില്ലുകളിൽ

(42400862/31.1.25 – 23,503, 42400863/31.1.25 – 1,30,527)നിന്നായി രണ്ട് പ്രാവശ്യം 12,000 രൂപ വീതം (ബാങ്ക് അക്കൗണ്ട് നം -0874101036754, IFSC Code -- CNRB0000874) അനുവദിച്ചിട്ടുണ്ട്.
ഇപ്രകാരം അധിക തുക നൽകിയതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/27.1.26)മറുപടിയായി സുമേഷ് എന്ന പേരിൽ രണ്ട് ഗുണഭോക്താക്കൾ ഉണ്ടായിരുന്നതിനാൽ സംഭവിച്ചതാണെന്ന് നിർവഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക 12,000 രൂപ പഞ്ചായത്തിന്റെ ധനകാര്യകമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 40320101043534,കേരള ഗ്രാമീൺ ബാങ്ക് , കാഞ്ഞാണി)തിരികെ അടവാക്കിയിട്ടുണ്ട്.
ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം നൽകുമ്പോൾ അർഹമായ ഗുണഭോക്താവിന് അർഹതപ്പെട്ട തുക തന്നെയാണ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മാത്രമല്ല തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട് എന്ന് നിർവഹണഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

## 1-25 കുടിവെള്ള വിതരണം-ജല പരിശോധന സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-- സെക്രട്ടറി

പ്രോജക്ട് നം--- 188/25 വരൾച്ച കുടിവെള്ള വിതരണം രണ്ടാംഘട്ടം

വകയിരുത്തിയ തുക --6,32,100 (വികസനഫണ്ട് – ജനറൽ)

ചെലവഴിച്ച തുക---6,32,100

വൗച്ചർ നമ്പർ--- 42401185/02.09.2024

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ വരൾച്ചാ ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കായ ലിറ്ററിന് 49 പൈസ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. വർഗ്ഗീസ് എന്നയാളുടെ ടെണ്ടർ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. 2024 മാർച്ച് 14 മുതൽ മേയ് 19 വരെ കാലയളവിൽ ഗ്രാമപഞ്ചായത്തിലെ 2, 4, 5, 13, 14, 15 വാർഡുകളിലായി ആകെ 12,90,000 ലിറ്റർ കുടിവെള്ളം വിതരണം നടത്തിയതിന് 6,32,100രൂപ 04.07.2024 ലെ ഭരണസമിതിയുടെ 10 (1) നമ്പർ തീരുമാന പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്.

ആകെ വിതരണം ചെയ്ത 12.9 ലക്ഷം ലിറ്റർ കുടിവെള്ളത്തിൽ 3.24 ലക്ഷം ലിറ്റർ വെള്ളം വാട്ടർ അതോറിറ്റിയുടെ ചാഴൂർ പ്ലാന്റിൽ നിന്നും വിതരണം ചെയ്തതായി KWA അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്ത ബാക്കി 9.66 ലക്ഷം ലിറ്റർ കുടിവെള്ളം സ്വകാര്യവ്യക്തികളുടെ സ്രോതസ്സിൽ നിന്നും ശേഖരിച്ചതായാണ് കാണുന്നത്. 19.02.2024 ലെ സ.ഉ.(സാ)നം.405/2024/എൽ.എസ്.ജി.ഡി ഉത്തരവിലെ ക്രമ നമ്പർ (4) പ്രകാരം കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരൻ അംഗീകരിച്ച സ്രോതസ്സുകളിൽ നിന്നോ, വാട്ടർ അതോറിറ്റിയിൽ നിന്നോ ശുദ്ധജലം ശേഖരിച്ച് വിതരണം ചെയ്യുന്നതിനും, കുടിവെള്ളത്തിന്റെ ശുദ്ധത സ്വന്തം ഉത്തരവാദിത്തത്തിൽ പരിശോധിപ്പിച്ച് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ സാക്ഷ്യപത്രം സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം കുടിവെള്ള വിതരണം നടത്തുന്നതിനും ടെണ്ടർ നോട്ടീസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരം വ്യവസ്ഥകൾ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല. കുടിവെള്ളത്തിന്റെ ശുദ്ധത പരിശോധന നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

വാഹനത്തിന്റെ ജി.പി.എസ്. ലോഗ് പരിശോധിച്ചതിൽ നിന്നും വൈലോപ്പിള്ളി കോളനി റോഡ് വാർഡ് 10, ചൂരക്കാട്ടുകര ദുർഗ്ഗഭഗവതി ക്ഷേത്രക്കുളം, എസ്.ബി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് എന്നീ സ്ഥലങ്ങളിൽ നിന്നുമാണ് വാഹനം കുടിവെള്ള വിതരണത്തിനുള്ള യാത്രകൾ ആരംഭിച്ചതായി കാണുന്നത്. കുടിവെള്ളം ശേഖരിക്കുന്ന സ്വകാര്യ കുടിവെള്ള സ്രോതസ്സുകളുടെ വിവരം, വിതരണം ചെയ്ത ജലത്തിന്റെ ഗുണനിലവാര ലാബ് പരിശോധനാ റിപ്പോർട്ട്, സ്വകാര്യ സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കുന്ന ജലത്തിന്റെ അളവ് മോണിറ്ററിംഗ്,

വാഹനത്തിന്റെ രേഖകൾ, ഡ്രൈവറുടെ ലൈസൻസ് ബാഡ്ജ് എന്നീ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.11/28.01.2026) തൃപ്തികരമായ മറുപടി നൽകിയിട്ടില്ല.
മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രോജക്ട് നിർവ്വഹണത്തിൽ ബാധകമായ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

## 1-26 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ വിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ-- 203/25 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ

വകയിരുത്തിയ തുക ---4,00,000

ചെലവഴിച്ച തുക --- 3,39,502 (സി.എഫ്.സി.)

വൗച്ചർ നമ്പർ-- 42400733/16.12.2024
നിർവഹണഉദ്യോഗസ്ഥൻ – സെക്രട്ടറി

കണ്ടശ്ശാംകടവ് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള വാർഡ് 1 ലെ അമ്പലചിറ റോഡ്, പത്യാല റോഡ്, പുലാമ്പുഴ ഭുവനേശ്വരി റോഡ്, വാർഡ് 12 ലെ സുരേഷ് റോഡ്, വാർഡ് 15 ലെ സംഗീതി ലിങ്ക് റോഡ് എന്നീ റോഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനായി 3,39,502 രൂപ അടവാക്കുന്നതിന് നമ്പർ DB/AE/KKD/2024-25/112/Dt.13.11.2024 കത്ത് പ്രകാരം കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിരുന്നു. ഇതു പ്രകാരം തുക നിക്ഷേപിക്കുന്നതിന് 14.11.2024ലെ ഭരണ സമിതി 1 (2) നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി. കണ്ടശ്ശാംകടവ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുമായി 08.01.2025 ന് ഏർപ്പെട്ട കരാറിലെ വ്യവസ്ഥ (6) പ്രകാരം 20.01.2025 ന് പ്രവൃത്തി ആരംഭിച്ച് 31.03.2025ന് പൂർത്തീകരിക്കണം.
എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 12/28.01.2026)

## 1-27 മുദ്രപത്രവില ഈടാക്കിയതിൽ കുറവ്-തുടർ നടപടി സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ടതിൽ നിയമാനുസൃതം ഈടാക്കേണ്ട മുദ്രവില ചുമത്തിയിട്ടില്ല .
1996-ലെ കേരള പഞ്ചായത്ത് രാജ് (കരാർ ചട്ടങ്ങൾ) ചട്ടം 3 (V) പ്രകാരം ഗ്രാമപഞ്ചായത്തുകൾ കരാറിലേർപ്പെടുമ്പോൾ 1959 ലെ മുദ്ര പത്ര നിയമം ബാധകമായതിനാൽ മേൽ പ്രകാരമുള്ള ഭേദഗതി പ്രകാരം മുദ്രവില ചുമത്തേണ്ടതാണ്. 2018 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം മരാമത്ത് പ്രവൃത്തികൾ, സർവ്വീസ് ലെവൽ എഗ്രിമെന്റുകൾ എന്നിവ ചമയ്ക്കുമ്പോൾ കരാർ തുകയുടെ 0.1% മുദ്രവില (Nearest 10 Rupees) ചുമത്തുന്നതിന് 1959ലെ കേരള മുദ്രപത്ര നിയമത്തിലെ പട്ടികയിൽ 5 (F) എന്ന വ്യവസ്ഥ കൂട്ടി ചേർത്ത് ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 05.03.2025ലെ ധനകാര്യ വകുപ്പിന്റെ സർക്കുലർ നം.18/2025/ധന. പ്രകാരം അതാത് സമയത്ത് ഈടാക്കേണ്ടിയിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കാതിരുന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ താഴെ പട്ടികയിലുൾപ്പെട്ട പ്രവൃത്തികളിൽ നിയമാനുസൃതം മുദ്രവില ചുമത്തിയതായി കാണുന്നില്ല.

| ക്രമ നം | പ്രോജക്ട് | വകയിരുത്തിയ തുക (കരാർ തുക) | ചെലവഴിച്ച തുക | മുദ്രവില ചുമത്തിയത് | ചുമത്തേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 203/25 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 4,00,000 | 3,39,502 | 200 | 400 | 200 |
| 2 | 81/25 തെരുവി | 4,00,000 | 1,39,795 | 200 | 400 | 200 |

| | | | | | | |
|---|---|---|---|---|---|---|
| | വിളക്ക് വാർഷിക പരിപാലനം | | | | | |
| 3 | 200/25 തെരുവ് വിളക്ക് വാർഷിക പരിപാലനം | 3,24,920 | 3 ,24,865 | 200 | 330 | 130 |
| 4 | 85/25 സോളാർ പാനൽ സ്ഥാപിക്കൽ | 4,73,000 | 4,73,000 | 200 | 480 | 280 |
| 5 | 188/25 വരൾച്ച കുടിവെള്ള വിതരണം രണ്ടാംഘട്ടം | 6,32,100 | 6,32,100 | 200 | 640 | 440 |
| | ആകെ | | | | | 1250 |

മേൽ സൂചിപ്പിച്ച കരാറുകളിൽ ഈടാക്കേണ്ടിയിരുന്നതായ മുദ്രപത്രവില ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 14/28.01.2026)

**1-28 എം.സി.എഫിനു ഭൂമി വാങ്ങൽ പദ്ധതി ലക്ഷ്യം നേടിയില്ല-തുടർ നടപടി സ്വീകരിക്കണം**

പ്രോജക്ട് നമ്പർ-187/25 എം.സി.എഫിനു സ്ഥലം വാങ്ങൽ

വകയിരുത്തിയ തുക--- 16,65,604

ചെലവഴിച്ച തുക---16,65,604

വൗച്ചർ നമ്പർ---42401197/12.09.2024 തുക 4,80,000 (വികസന ഫണ്ട്)

വൗച്ചർ നമ്പർ---42401240/13.12.2024 തുക 11,85,604 (വികസന ഫണ്ട്)

ഗ്രാമപഞ്ചായത്തിന് സ്വന്തമായി എം.സി.എഫ് കെട്ടിടം ഇല്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ്. പ്രവർത്തിക്കുന്നത്. എം.സി.എഫ്. സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സ്വന്തമായി ഭൂമി വാങ്ങുന്നതിന് 27.11.2023 ലെ ഭരണ സമിതി 11 (1) നമ്പറായി തീരുമാനിക്കുകയും പത്രപരസ്യം വഴി താൽപ്പര്യപത്രം ക്ഷണിച്ച് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് പടിയം വില്ലേജ് സർവ്വെ നം.270/2-4 ൽ 4.25 ആർ ഭൂമി വാങ്ങിയിട്ടുണ്ട്. പത്രപരസ്യം നൽകിയതിൽ ലഭിച്ച ശ്രീമതി.രഞ്ജിഷയുടെ സെന്റിന് 1,90,000 രൂപ എന്ന ഏക ഓഫർ പരിഗണിച്ച ഭരണ സമിതി വീണ്ടും താൽപ്പര്യപത്രം ക്ഷണിച്ചാലും നിലവിലെ സാഹചര്യത്തിൽ എം.സി.എഫ്. സ്ഥാപിക്കുന്നതിന് ഉചിതമായ ഭൂമി ഈ വിലയ്ക്ക് ലഭിക്കുകയില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി രഞ്ജിഷയിൽ നിന്നും ഭൂമി വാങ്ങാൻ തീരുമാനിച്ചു. തുടർന്ന് തഹസിൽദാർ നിശ്ചയിച്ചു നൽകിയ വില കുറവായതിനാൽ ഭൂമി നൽകുന്ന ശ്രീമതി.രഞ്ജിഷയ്ക്ക് 30% തുക സൊലേഷ്യമായി നൽകുന്നതിന് 12.08.2024 ലെ ഭരണസമിതി 8(1) ഏകകണ്ഠമായി തീരുമാനമെടുക്കുകയും മേൽ പ്രകാരം തുക നൽകി ഭൂമി വാങ്ങി 13.09.2024 ന് 1170/1/2024 നമ്പറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിൽ നിന്നും ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും കൈമാറുന്നതിനുമായി കെട്ടിടം നിർമ്മിക്കുന്നതിനാണ് മേൽപ്രകാരം സ്ഥലം വാങ്ങിയിട്ടുള്ളത്. എം.സി.എഫ്.

സ്ഥാപിക്കുന്നതിനല്ലാതെ ഈ ഭൂമി വിനിയോഗിക്കാൻ പാടില്ലായെന്ന കാര്യം ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് 15 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ സ്വച്ഛ് ഭാരത് മിഷൻ ഫണ്ടിൽ നിന്നും തുക വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 2025-26 ൽ കോംപൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 10ലക്ഷം രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.
എന്നാൽ ഈ സ്ഥലത്ത് എം.സി.എഫ് നിർമ്മിക്കുന്നതിനെതിരെ പൊതുജനങ്ങളിൽ നിന്നും ഭീമഹർജി ലഭിച്ചതായും, 10ാം വാർഡ് മെമ്പറുടെ നേതൃത്വത്തിൽ 02.01.2025ൽ ചേർന്ന ഗ്രാമസഭയിൽ എം.സി.എഫ്.സ്ഥാപിക്കുന്നതിനെതിരെ പ്രമേയം പാസ്സാക്കിയതായും ബഹു.ജില്ലാകളക്ടർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.02.2025 ന് അയച്ച നം.SC.1-So107/25 നമ്പറായി നൽകിയ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് എം.സി.എഫ്. കെട്ടിടം നിർമ്മിക്കുന്നതിനായി വാങ്ങിയ ഭൂമിയിൽ അനുയോജ്യമായ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ട്രക്ചറൽ ഡിസൈൻ & സോയിൽ ടെസ്റ്റിംഗ് നടത്തുന്നതിന് ഗവ.എഞ്ചിനീയറിംഗ് കോളേജ് നൽകിയ 13.11.2024 ലെ നം.P1/24-11/04 ഇൻവോയ്സ് പ്രകാരം 76,700 രൂപ വികസന ഫണ്ടിൽ നിന്നും പ്രോജക്ട് നമ്പർ 227/25 പ്രകാരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ വൗച്ചർ നമ്പർ. 42400750/20.12.2024 പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ ബോർഹോൾ ടെസ്റ്റ്, സോയിൽ ടെസ്റ്റ് റിപ്പോർട്ട്, സ്ട്രക്ചറൽ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
വാടക നൽകുന്നതിനായി 2024-25 വർഷത്തിൽ പ്രോജക്ട് നമ്പർ201/25 പ്രകാരം 99,225 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്പോഴും ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫ് വാടക കെട്ടിടത്തിൽ തന്നെ പ്രവർത്തനം തുടരുന്നതായാണ് കാണുന്നത്. എം.സി.എഫ് നിർമ്മിക്കുന്നതിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്താൻ കഴിയില്ലായെന്ന ഭരണസമിതി അംഗങ്ങളുടെ ഏകകണ്ഠമായ തീരുമാനപ്രകാരം ഭൂമി വാങ്ങുകയും പിന്നീട് എം.സി.എഫ് കെട്ടിടം നിർമ്മിക്കുന്നതിനെതിരെ ഗ്രാമസഭയിൽ പ്രമേയം പാസ്സാക്കി എന്നതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കാതെ എം.സി.എഫിനായി വാങ്ങിയ ഭൂമി പ്രയോജനപ്പെടുത്താതെ വാടക കെട്ടിടത്തിൽ എം.സി.എഫ് തുടർന്ന് പ്രവർത്തിപ്പിക്കുന്നത് ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടാക്കിയിട്ടുണ്ട്.
2007 ലെ കേരള പഞ്ചായത്ത് രാജ്(തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽ പരമായി ബന്ധവും പെരുമാറ്റവും ചട്ടങ്ങൾ) ചട്ടം 7(1) പ്രകാരം മേൽ പ്രകാരമുള്ള ഭൂമി വാങ്ങൽ നടപടികളുടെ ഉത്തരവാദിത്വം ഏകകണ്ഠമായി തീരുമാനമെടുത്ത ജനപ്രതിനിധികളുടേതായി കണക്കാക്കേണ്ടി വരികയും, വാങ്ങിയ ഭൂമിയിൽ എം.സി.എഫ്. കെട്ടിടം നിർമ്മിച്ച് പ്രയോജനപ്പെടുത്താത്തപക്ഷം ഈയിനത്തിൽ ചെലവഴിച്ച തുക പാഴ്ചെലവായി കണക്കാക്കുന്നതും, പ്രായോഗിക പഠനം കൂടാതെ ഭൂമി വാങ്ങുന്നതിന് തീരുമാനമെടുത്ത ജനപ്രതിനിധികളുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതുമാണ്. ആയതിനാൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് എം.സി.എഫ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 15/28.01.2026)

## 1-29 മാങ്ങാട്ടുകര സ്കൂൾ റോഡ് മെയിന്റനൻസ്-കരാറുകാരന് അധിക തുക നൽകിയത് തിരികെ ഈടാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം-151/25 മാങ്ങാട്ടുകര സ്ക്കൂൾ റോഡ് മെയിന്റനൻസും, സൈഡ് കെട്ടി സംരക്ഷണവും

വകയിരുത്തിയ തുക- 15,00,000 (തനതു ഫണ്ട്)
എസ്റ്റിമേറ്റ് നമ്പർ-85896/23

ചെലവഴിച്ച തുക- 14,93,823

വൗച്ചർ നമ്പർ, തിയതി, തുക

42400235/15.07.2024 – 5,58,955 രൂപ

42400317/09.08.2024 – 1,71,635 രൂപ

42400738/20.12.2024 – 7,63,233 രൂപ

**1) ഡിപ്പാർട്ട്മെന്റ് സ്റ്റോൺ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിയുടെ അളവ് കുറവ് ചെയ്യാത്തതു മൂലം നഷ്ടം 37,262 രൂപ**

മേൽ പ്രവൃത്തിയിൽ ഫൈനൽ ബിൽ ഐറ്റം നമ്പർ 3 പ്രകാരം കുളത്തിന്റെ റോഡിനോട് ചേർന്ന ഭാഗത്ത് നിലവിലുണ്ടായിരുന്ന 20(നീളം) X 0.5(വീതി) X 0.9(ഉയരം) മീറ്റർ തകരാറിലായ കരിങ്കൽക്കെട്ട് പൊളിച്ചു മാറ്റിയിട്ടുണ്ട്. വെയ്സ്റ്റേജ് കഴിച്ച് ഇതുവഴി ലഭിച്ച കരിങ്കല്ല് ഉപയോഗിച്ച് ബില്ലിലെ ഐറ്റം നമ്പർ 7 പ്രകാരം 17.8 (നീളം)x 0.5(വീതി) X 0.6(ഉയരം) മീറ്റർ അളവിൽ ഡിപ്പാർട്ട്മെന്റ് സ്റ്റോൺ ഉപയോഗിച്ച് 5.34 $M^3$ ഡ്രൈറബിൾ മേസണറി നടത്തിയതിന് 1531.88/ $M^3$ രൂപ നിരക്കിൽ 8,180.24 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ബില്ലിലെ ഐറ്റം നമ്പർ 8 ന്റെ ഇ-അളവ് പുസ്തക രേഖപ്പെടുത്തൽ പ്രകാരം MORD ഡാറ്റ 75.7.1 പ്രകാരം 17.8(നീളം) X 1.6(വീതി) X 0.6(ഉയരം) മീറ്റർ അളവിൽ ഡ്രൈറബിൾ മേസണറി ഫൗണ്ടേഷൻ പ്രവൃത്തി 17.088 $M^3$ നടത്തിയതിന് 5913.47/$M^3$ നിരക്കിലും കരാറുകാരന് തുക നൽകിയിട്ടുണ്ട്. റോഡിനോട് ചേർന്ന് നിർമ്മിക്കുന്ന സംരക്ഷണ ഭിത്തിയുടെ അടിത്തട്ടിൽ 17.8 മീറ്റർ നീളത്തിൽ 1.7 മീറ്റർ വീതിയിൽ സോയിൽ എസ്കവേഷൻ നടത്തി അതേ നീളത്തിലും വീതിയിലും പ്ലെയിൻ സിമെന്റ് കോൺക്രീറ്റിംഗ് നടത്തിയതിന് മുകളിലാണ് ഡ്രൈറബിൾ പ്രവൃത്തി നടത്തിയിട്ടുള്ളത്. കരിങ്കൽഭിത്തിയുടെ ഡി.ആർ. പ്രവൃത്തി നടത്തുന്ന അടിത്തറയുടെ ആകെ വീതി 1.6 മീറ്റർ ആണ്. ആയതിനാൽ 17.8 X 0.5 X 0.6 മീറ്റർ അളവിൽ 5.34 $M^3$ അളവിൽ നടത്തിയ പ്രവൃത്തിയുടെ അളവ് കുറച്ചുള്ള അളവിൽ മാത്രമേ കരാറുകാരന്റെ സ്വന്തം റബിൾ ഉപയോഗിച്ചുള്ള പ്രവൃത്തി നടത്തിയതിന് തുക അനുവദിക്കേണ്ടതുള്ളു. ആയതിനാൽ 75.7.1 പ്രകാരം 5913.47/ $M^3$ രൂപ നിരക്കിൽ 5.34 $M^3$ അളവിൽ പ്രവൃത്തി നടത്തിയതിന് നൽകിയ 31,578 രൂപയും 18% ജി.എസ്.ടി. യും കൂടി ആകെ 37,262 രൂപ അധികമായി നൽകിയത് അംഗീകരിക്കുന്നില്ല. ആയത് കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്.

**2) തെറ്റായ ഡാറ്റ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മൂലം അധിക തുക നൽകിയത് - നഷ്ടം 1,88,174 രൂപ**

കുളത്തിന്റെ വശങ്ങൾ ഡ്രൈറബിൾ ഉപയോഗിച്ച് കെട്ടുന്നതിന് MORD ഡാറ്റ 75.7.1 പ്രകാരം 5914.06/$M^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഡാറ്റയിൽ റാൻഡം റബിൾ സ്റ്റോൺ, Through Bond Stone ന്റെ നിരക്ക് എന്നിവ ഉൾപ്പെടുന്നുണ്ട്. ഡ്രൈറബിൾ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് Stone For Masonary Work ഉൾപ്പെടുന്ന DSOR Data 60.7.1 പ്രകാരം 3491.47/$M^3$ നിരക്കിലുള്ള അംഗീകൃത പ്രൈസ് ഡാറ്റ നിലവിലുള്ളതാണ്. ആയതിന്റെ MORD Observed Data പ്രകാരം നിരക്ക് കണക്കാക്കുമ്പോൾ [Unit Total/$M^3$ Rs.2216.98 X 121%(10% CP+10%OH)=2682.54 X1.3559 (Cost Index 35.59%)=3637.25/$M^3$ രൂപ]ഈ പ്രവൃത്തി നടത്തുന്നതിന് 3637.25/ $M^3$ രൂപയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നത്. DSOR Data 60.7.1 നിരക്ക് ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് അനുസരിച്ച് നഗരസഞ്ചയ ഫണ്ട് ഉപയോഗിച്ച് പിണ്ടാണിക്കുളം, കുതിരകുളം എന്നീ കുളങ്ങളുടെ സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവയുടെ പ്രവൃത്തി ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് റോഡരികിലെ കുളം ആയതിനാലാണ് സംരക്ഷണഭിത്തി നിർമ്മാണത്തിന് ഡാറ്റ 75.7.1 പ്രകാരമുള്ള നിരക്ക് നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രവൃത്തിയ്ക്ക് മേസണറി റബിൾ ഉപയോഗിച്ചതായി കണ്ടു. ഡാറ്റയിൽ ഉൾപ്പെട്ടിരുന്നതു പ്രകാരം അളവിലുള്ള ബോണ്ട് സ്റ്റോണുകൾ ഉപയോഗിച്ചതായി കാണുന്നില്ല, ബോണ്ട് സ്റ്റോണുകൾ മഞ്ഞ നിറമുള്ള പെയിന്റ് ചെയ്ത്

മാർക്ക് ചെയ്തിട്ടില്ല. ഉപയോഗിച്ച ബോണ്ട് സ്റ്റോണുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല. ഇതിൽ നിന്നും പ്രവൃത്തിയ്ക്ക് ബോണ്ട് സ്റ്റോണുകൾ ഉപയോഗിച്ചിട്ടില്ല എന്നു വ്യക്തമാണ്. ജില്ലയിലെ ഒട്ടു മിക്ക തദ്ദേശ സ്ഥാപനങ്ങളിലും ഗ്രാമീണ റോഡുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണം ഡ്രൈറബിൾ പ്രവൃത്തി വഴി നടത്തുന്നതിന് DSOR Data 60.7.1 ന്റെ ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി കൂടിയ നിരക്കുള്ള ഡാറ്റ 75.7.1 ഉപയോഗിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട്.

DR Masonary സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 18.11.2016-ലെ നമ്പർ 87/2016ധന. സർക്കുലറിൽ പ്രവൃത്തി നടത്തുന്നതിനാവശ്യമായ നിർമ്മാണ മാതൃക (Typical Design) നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരം 15cm കനത്തിൽ അടിത്തട്ടിൽ പ്ലെയിൻ സിമെന്റ് കോൺക്രീറ്റിംഗ്, പ്രബലിത കോൺക്രീറ്റിംഗ് ഉപയോഗിച്ചുള്ള ഇന്റർമീഡിയറി ബെൽറ്റ്, ടോപ്പ് ബെൽറ്റ്, വശങ്ങളിൽ നിന്നുള്ള സമ്മർദ്ദം അതിജീവിക്കുന്നതിന് 1:4 അനുപാതത്തിലുള്ള ചെരിവ് നൽകുന്നതിനും, അടിത്തറയുടെ വീതി 0.4H+0.3m സൂത്രവാക്യ പ്രകാരം കണക്കാക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള പ്രത്യേക സാഹചര്യങ്ങളിൽ ഡിസൈനിൽ മാറ്റം വരുത്തി സംരക്ഷണ ഭിത്തിയ്ക്ക് അധിക വീതി നൽകുന്നതിന് സാങ്കേതികാനുമതി അതോറിറ്റിയ്ക്ക് അനുമതി നൽകി 05.08.2021 ന് 64/2021/Fin ടെക്നിക്കൽ സർക്കുലർ പ്രകാരം ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്.
ചീഫ് എഞ്ചിനീയറുടെ മേൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ നിലനിൽക്കെ ഡ്രൈറബിൾ പ്രവൃത്തി നടത്തുന്നതിന് കുറഞ്ഞ നിരക്കിലുള്ള DSOR ഡാറ്റ 60.7.1 ന്റെ ഒബ്സർവ്വ്ഡ് ഡാറ്റ മതിയാകുമെന്നിരിക്കെ Through Bond Stone ഉൾപ്പെടുന്ന കൂടിയ നിരക്കുള്ള MORD ഡാറ്റ 75.7.1 ഉപയോഗിക്കേണ്ടതായ സവിശേഷ സാഹചര്യം എന്താണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. DSOR ഡാറ്റ 60.7.1 നെ അപേക്ഷിച്ച് Mate, Bhisti എന്നിവരെ അധികമായും, കൂടിയ അളവിലുള്ള Mason, Mazdoor പ്രവൃത്തിയും, ബോണ്ട് സ്റ്റോണും ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് ഡാറ്റ 75.7.1 ൽ നിരക്ക് വർദ്ധിച്ചിട്ടുള്ളത്. എന്നാൽ ബോണ്ട് സ്റ്റോൺ ഉപയോഗിക്കാത്ത സാഹചര്യത്തിൽ കൂടുതൽ ലേബറും, ബോണ്ട് സ്റ്റോണും ഉൾപ്പെടുന്ന ഡാറ്റ ആവശ്യമില്ലാത്തതും DSOR ഡാറ്റ 60.7.1 ന്റെ ഒബ്സർവ്വ്ഡ് ഡാറ്റ മതിയാകുന്നതുമാണ്. പ്രവൃത്തിയിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ കാണുന്നതിനാൽ റോഡരികിലെ കുളമായതിനാലാണ് കൂടിയ നിരക്കുള്ള ഡാറ്റ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി നിലനിൽക്കുന്നതല്ല.

ഈ രണ്ട് ഡാറ്റകളും തമ്മിൽ ക്യൂബിക് മീറ്ററിന് 2,276.81 രൂപയുടെ വ്യത്യാസം ഉണ്ട്. ഫൈനൽ ബിൽ ഐറ്റം നമ്പർ 8 ൽ MORD ഡാറ്റ 75.7.1 പ്രകാരം ആകെ 75.392 പ്രവൃത്തി നടത്തിയതിൽ ക്രമ നമ്പർ 1 ലെ അളവ് കുറവ് ചെയ്ത് ലഭിക്കുന്ന 70.052$m^3$ ന് (75.392-5.34=70.052$m^3$) 2,276.81രൂപ നിരക്കിൽ 1,59,495.09 രൂപയും ആയതിന്റെ 18% ജി.എസ്.ടി തുക 28,709 രൂപയും കൂടി ആകെ 1,88,204 രൂപ അധികമായി നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

**3) സ്റ്റീലിന്റെ അടിസ്ഥാന നിരക്ക്(coefficient) തെറ്റായി രേഖപ്പെടുത്തിയത് മൂലം നഷ്ടം 4,731 രൂപ**

പ്രവൃത്തിയുടെ ഫൈനൽ ബിൽ ഐറ്റം നമ്പർ 9 ൽ MORD ഡാറ്റ 11.8 പ്രകാരം 0.596ടൺ സ്റ്റീൽ ഉപയോഗിച്ചതിന് 87,972.42/T നിരക്കിൽ തുകയും ആയതിന് ജി.എസ്.ടി.യും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇ-അളവു പുസ്തക രേഖപ്പെടുത്തൽ MGN 1_11_2പ്രകാരം 17.4 മീറ്റർ നീളമുള്ള 8mm കമ്പികൾ 14 എണ്ണത്തിന് 0.000617kg/M നിരക്കിൽ ഭാരം കണക്കാക്കി തുക നൽകിയിട്ടുണ്ട്. 8mm കമ്പിയുടെ ഭാരം 0.000395kg/M ആയതിനാൽ ഭാരം കണക്കാക്കിയതിൽ അപാകതയുണ്ട്. ഇതു മൂലം കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്.

8mm സ്റ്റീലിന് കണക്കാക്കിയ ഭാരം - 0.000617kg/M X14 Nosx17.4m.=0.15 ടൺ

ഉപയോഗിച്ച 8mm സ്റ്റീലിന്റെ യഥാർത്ഥ ഭാരം-0.000395kg/M X14 Nosx17.4m=0.096222ടൺ

വ്യത്യാസം =0.053778ടൺ

അധികം നൽകിയ തുക=0.053778 ടൺ XRs.87972.42/ടൺ =Rs.4730.98

4,731 രൂപ അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. മേൽ പ്രകാരം നൽകിയ അധിക തുകകൾ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. (ഓഡിറ്റ് അന്വേഷണം നം. 22/29.01.2026)

## 1-30 സ്റ്റീൽ ഹോളോ സെക്ഷൻ പ്രവൃത്തികളിൽ ഭാരം കണക്കാക്കുന്നതിൽ അപാകം

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ.

1)പ്രോജക്ട് നം-153/25അങ്കണവാടി മെയിന്റനൻസ്

എസ്റ്റിമേറ്റ് നമ്പർ-104066/23

വകയിരുത്തിയ തുക-14,05,534 (സംരക്ഷണ ഗ്രാന്റ് നോൺ റോഡ്)

ചെലവഴിച്ച തുക-10,14,634

വൗച്ചർ നം -42401247/25.03.2025 തുക---2,54,821

42401287/12.03.2025 തുക---7,59,813

മേൽ പ്രവൃത്തിയുടെ പാർട്ട് ബിൽ ഐറ്റം നമ്പർ 17ൽ DSOR Data 10.16.1 പ്രകാരം 184.77/Kg നിരക്കിൽ 1879.9kg സ്റ്റീൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ അങ്കണവാടി നമ്പർ 54 , ഭാവന അങ്കണവാടി, രശ്മി അങ്കണവാടി എന്നിവിടങ്ങളിൽ ഹോളോ സെക്ഷൻ സ്റ്റീൽ ഉപയോഗിച്ച് ട്രസ്സ് പ്രവൃത്തി നടത്തിയതിന് തുക നൽകിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.30/30.01.2026)

2) പ്രോജക്ട് – 217/25-ജി.എൽ.പി.എസ്. പുത്തൻപീടിക സ്കൂൾ മെയിന്റനൻസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ---അസിസ്റ്റന്റ് എഞ്ചിനീയർ.

എസ്റ്റിമേറ്റ് നമ്പർ--- 79283/24

വകയിരുത്തിയ തുക--27,57,636

ചെലവഴിച്ച തുക --1,84,976

42401249/25.3.25 – 64,756 (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം )

42401268 /19.3.25 --- 1,20,220 (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം )

ഈ പ്രവൃത്തിയുടെ പാർട്ട് ബിൽ ഐറ്റം നമ്പർ 26ൽ DSOR Data 10.16.1 പ്രകാരം 157/Kg നിരക്കിൽ 5211.862kgസ്റ്റീൽ ഉപയോഗിച്ചതിന് 8,18,262 രൂപയും 18% ജി.എസ്.ടിയും കരാറുകാരന് നൽകിയിട്ടുണ്ട്. അളവ് പുസ്തകത്തിലെ 03.06.2025 ലെ രേഖപ്പെടുത്തൽ പ്രകാരം 7540.2kg സ്റ്റീൽ ഹോളോ സെക്ഷനുകൾ ഉപയോഗിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.27/29.01.2026)

മേൽ സൂചിപ്പിച്ച രണ്ട് പ്രവൃത്തികളിലും നാമമാത്ര രീതിയിലാണ് (Nominal Weight Method) സ്റ്റീലിന്റെ ഭാരം കണക്കാക്കിയിട്ടുള്ളത്.

പൊതുമരാമത്ത് പ്രവൃത്തിയ്ക്കുപയോഗിക്കുന്ന സ്റ്റീൽ ബി.ഐ.എസ്. (BIS) മുദ്രണത്തോടു കൂടിയതും, ഇന്ത്യൻ സ്റ്റാന്റേഡ് (IS 4923:1997), ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ അനുശാസിക്കുന്ന രീതിയിലുള്ളതും, ഇപ്രകാരമുള്ള ഗുണമേന്മ ഉപയോഗിച്ച സ്റ്റീലിന് ഉണ്ടോയെന്ന് പരിശോധനയ്ക്ക് വിധേയമാക്കണമെന്നും CPWD മാന്വൽ, കരാറിന്റെ ഭാഗമായ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. [(സിപിഡബ്ല്യുഡി സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 10.13.5), (IS 1200 (ഭാഗം 8) :1993 ഖണ്ഡിക 3.7.1),(IS 800:2007 ഖണ്ഡിക 2.2.4.1),(IS 4923:1997 ഖണ്ഡിക 7.1)] എന്നാൽ സ്റ്റീൽ ഹോളോ സെക്ഷനുകളുടെ ഗുണമേന്മാ പരിശോധന ശാസ്ത്രീയമായി നടത്തിയിട്ടില്ല. NABL അംഗീകാരമുള്ള ലാബുകളിൽ

പരിശോധന നടത്തി റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇ-അളവ് പുസ്തകത്തിൽ സ്റ്റീൽ ഹോളോ സെക്ഷനുകൾക്ക് മീറ്റർ നിരക്കിൽ നീളം രേഖപ്പെടുത്തുകയും, കിലോഗ്രാം നിരക്കിൽ തുക അനുവദിക്കുകയും ചെയ്യുമ്പോൾ ഉപയോഗിച്ച സ്റ്റീലിന്റെ ആകെ ഭാരം നിർണ്ണയിക്കുന്നതിന്, ഉപയോഗിച്ച സ്റ്റീൽ ട്യൂബിന്റെ പരിച്ഛേദ വിസ്തീർണത്തെ(Cross Section Area) സ്റ്റീലിന്റെ സാന്ദ്രത (Steel Density 7850kg/$M^3$) കൊണ്ട് ഗുണിച്ചെടുക്കുന്നതിനാണ് IS Codeൽ നിർദ്ദേശിച്ചിട്ടുള്ളത്.

സ്റ്റീലിൽ ഉണ്ടായേക്കാവുന്ന മാലിന്യങ്ങൾ, ഈർപ്പം, തുരുമ്പ്, മറ്റു പദാർത്ഥങ്ങൾ, നിർമ്മാണരീതിയിലെ വ്യത്യസ്തത എന്നിങ്ങനെ വിവിധ കാരണങ്ങളാൽ സ്റ്റീൽ ട്യൂബുകളുടെ ഭാരത്തിൽ IS Codeലെ സ്റ്റാൻഡേർഡ് വെയ്റ്റ് ചാർട്ടിലെ ഭാരവുമായി +/-10% വരെ വ്യതിയാനം (Tolerance) ഉണ്ടാകാമെന്ന് മേൽ IS Code ൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. നാമമാത്ര ഭാര രീതിയിൽ സാംപിൾ ആയി ശേഖരിക്കുന്ന ഹോളോ സെക്ഷന്റെ ഭാരത്തെ അടിസ്ഥാനമാക്കി (Coeffient ഉപയോഗിച്ച്) മുഴുവൻ സ്റ്റീലിന്റെയും ഭാരം കണക്കാക്കുമ്പോൾ ആയത് യഥാർത്ഥ ഭാരത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല എന്നതിനാലാണ് സ്റ്റീലിന്റെസാന്ദ്രതയെ ഉപയോഗിച്ച സ്റ്റീലിന്റെ വ്യാപ്തം കൊണ്ട് ഗുണിച്ചെടുത്ത് ആകെ ഭാരം കണക്കാക്കുന്നതിനാണ് IS Codeൽ നിർദ്ദേശിച്ചിട്ടുള്ളത്. ഹോളോ സെക്ഷനുകളുടെ ആകെ വ്യാപ്തത്തിന്റെ അടിസ്ഥാനത്തിൽ ഭാരം കണക്കാക്കുന്നതിനു പകരം മേൽ പ്രകാരം തുക അനുവദിക്കുന്നത് അധിക തുക നൽകാൻ ഇടയാക്കുമെന്നതിനാൽ മേൽ സൂചിപ്പിച്ച IS Code ൽ നിർദ്ദേശിച്ചതു പ്രകാരം ഭാരം കണക്കാക്കി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

നാമമാത്ര രീതിയിൽ ((Nominal Weight Method) കണക്കാക്കുന്ന സംഗതികളിൽ ഇൻഡ്യൻ സ്റ്റാന്റേർഡ് കോഡുകളിൽ നിർദ്ദേശിച്ചതു പ്രകാരം അളവ് പുസ്തകത്തിൽ സ്റ്റീൽ ട്യൂബിന്റെ പരിച്ഛേദത്തിന്റെ വീതി, ഉയരം, കനം എന്നിവ മില്ലിമീറ്ററിലും, ട്യൂബിന്റെ നീളം മീറ്ററിലും പ്രത്യേകം രേഖപ്പെടുത്തുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പരിച്ഛേദത്തിന്റെ വീതി, ഉയരം, കനം എന്നിവയുടെ മില്ലിമീറ്ററിലുള്ള രേഖപ്പെടുത്തലുകൾ ഇ-അളവ് പുസ്തകങ്ങളിൽ ഇല്ല.

പ്രവൃത്തിയ്ക്ക് ഉപയോഗിച്ച സ്റ്റീൽ ട്യൂബുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പാക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (BIS) മുദ്ര, അളവുകൾ രേഖപ്പെടുത്തിയ മെഷീൻ പഞ്ചിംഗ് എന്നിവ ഉള്ള സ്റ്റീൽ സാംപിൾ ഹോളോ സെക്ഷനുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഉപയോഗിച്ച സ്റ്റീൽ ഹോളോ സെക്ഷനുകളുടെ പ്രവൃത്തി ബില്ലിൽ രേഖപ്പെടുത്തിയ ഭാരം വ്യാപ്തത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ട യഥാർത്ഥഭാരത്തേക്കാൾ അധികരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഓഡിറ്റിൽ സാധിച്ചിട്ടില്ല. അളവ് പുസ്തകത്തിൽ യഥാവിധി രേഖപ്പെടുത്തുകൾ നടത്തുന്നതിനും ഹോളോ സെക്ഷനുകളുടെ ഭാരം കണക്കാക്കുന്നതിന് IS Code ൽ നിർദ്ദേശിച്ച രീതി അവലംബിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## **1-31 പൊതു ടാപ്പുകളുടെ വെള്ളക്കരം – സംയുക്ത പരിശോധന നടത്തേണ്ടതാണ്**

2024-25 വർഷത്തിൽ പഞ്ചായത്തിലെ 225 പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 2,72,981രൂപ പ്രതിമാസം വാട്ടർ അതോറിറ്റിയിൽ പഞ്ചായത്ത് അടവാക്കുന്നുണ്ട്. പ്രതിവർഷം 3,275,772രൂപ ഈയിനത്തിൽ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ മുഖേന വ്യക്തിഗത ഗാർഹിക കണക്ഷനുകൾ നൽകിയത് മൂലം പൊതു ടാപ്പുകളുടെ ഉപയോഗത്തിൽ ഗണ്യമായ കുറവു വന്ന സാഹചര്യത്തിൽ, ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/28.1.26 )മറുപടിയായി സംയുക്തപരിശോധന നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ആവശ്യമില്ലാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവഴി പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻബാധ്യത ഒഴിവാകുകയും ചെയ്യും.

## 1-32 എസ് എൽ ഐ വരിസംഖ്യ ഈടാക്കിയതിൽ കുറവ്

സർക്കാർ ഉത്തരവ് (അ) നം.159/2021 /ധനം. തീയതി 30.11.2021 പ്രകാരം ജീവനക്കാർ അടിസ്ഥാനശമ്പളം , ക്ഷാമബത്ത, പേഴ്സണൽ പേ, ഗ്രേഡ് പേ എന്നിവയുടെ ആകെ തുകയായ പ്രതിമാസവരുമാനത്തിന്റെ 1.5 ശതമാനം കണക്കാക്കി 100 ന്റെ ഗുണിതമായി മുകളിലേക്ക് റൗണ്ട് ചെയ്ത് നിജപ്പെടുത്തി എസ് എൽ ഐ പ്രീമിയം തുക അടവാക്കേണ്ടതാണ്.
പഞ്ചായത്ത് ജീവനക്കാരുടെ മാർച്ച് 2025 ലെ ശമ്പള ബിൽ പരിശോധിച്ചപ്പോൾ മേൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതിലും കുറവ് മാത്രമാണ് പ്രീമിയം ഈടാക്കിയിട്ടുള്ളത്.

വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പേര് | അടിസ്ഥാനശമ്പളം + ക്ഷാമബത്ത | ഈടാക്കേണ്ട പ്രീമിയം | ഈടാക്കിയ പ്രീമിയം |
|---|---|---|---|
| രശ്മി വി ആർ സീനിയർ ക്ലർക്ക് | 44500+5340 = 49840 | 800 | 700 |
| രശ്മി എം വി ക്ലർക്ക് | 32000+3840= 35840 | 600 | 500 |

ജീവനക്കാരുടെ എസ് എൽഐ പ്രീമിയം കുറവ് ഈടാക്കിയതിന് കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/29.1.26) മറുപടിയായി സർക്കാർ ഉത്തരവ് പ്രകാരം എസ് എൽ ഐ പ്രീമിയം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.
ശമ്പളവില്ലുകൾ പരിശോധിച്ച് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും നിയമാനുസൃതറിക്കവറികൾ നടത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-33 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടില്ല

വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രൊജക്ടുകളുടെ ഗുണഭോക്താക്കളിൽ ഉൾപ്പെട്ട ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാരുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രൊജക്ടുകളുടെ ഗുണഭോക്താക്കളിൽ കുറഞ്ഞത് മൂന്ന് ശതമാനമെങ്കിലും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാർ ആയിരിക്കണമെന്ന് 04-06-2011 ലെ സ.ഉ.(സാധാ)നം. 1360/2011/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന കാലിവളർത്തൽ, മുട്ടക്കോഴി വളർത്തൽ തുടങ്ങിയവ ഉൾപ്പെടെയുള്ള എല്ലാ വ്യക്തിഗത തൊഴിൽ സംരംഭ പ്രൊജക്ടുകളുടെയും വീട്, വീടുകളുടെ അറ്റകുറ്റപ്പണി, വീടുകളുടെ വയറിംഗ്, സാനിറ്ററി കക്കൂസ്, കുടിവെള്ള കിണർ മുതലായ കുടുംബങ്ങളെ അടിസ്ഥാനമാക്കിയുള്ള പശ്ചാത്തല സൗകര്യ വികസന പ്രൊജക്ടുകളുടെയും ഗുണഭോക്താക്കളിൽ കുറഞ്ഞത് മൂന്ന് ശതമാനമെങ്കിലും നിർബന്ധമായും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആയിരിക്കണം. പശ്ചാത്തല സൗകര്യ വികസന പ്രൊജക്ടുകളുടെ കാര്യത്തിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരംഗമെങ്കിലുമുള്ള കുടുംബത്തെ സംവരണ ഗുണഭോക്തൃ കുടുംബമായി കണക്കാക്കാവുന്നതാണ്.

2024-25 വർഷത്തെ ഗുണഭോക്തൃ പട്ടികയിൽ മേൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കളിൽ കുറഞ്ഞത് 3 ശതമാനമെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തിഗത ആനുകൂല്യങ്ങൾ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, സാനിറ്ററി ടോയ്‌ലറ്റ് എന്നിവ ലഭ്യമാക്കിയതിന്റെയും ഇല്ലെങ്കിൽ ആയതിന്റെ കാരണവും അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/27.1.26) മറുപടിയായി നിലവിൽ ഇത്തരം ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല എന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഇപ്രകാരമുള്ള ഗുണഭോക്താക്കളുടെ പ്രാതിനിധ്യം ഗ്രാമസഭകളിൽ ഉറപ്പുവരുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്നും പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.
സർക്കാർ ഉത്തരവ് പ്രകാരമുള്ള രീതിയിൽ ശാരീരികമാനസികവെല്ലുവിളി നേരിടുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1- 34 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

അന്തിക്കാട് ഗ്രാമപഞ്ചായത്ത് – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും

അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും നാല് ആരോഗ്യ

ഉപകേന്ദ്രങ്ങളും ഉണ്ട്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് സ.ഉ.(സാധാ)നം.2132/22/ത.സ്വ.ഭ.വ തീയതി 31-08-2022, സ.ഉ.(സാധാ)നം. 1625/23/ത.സ്വ.ഭ.വ. തീയതി 09-08-2023 എന്നീ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മുതൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഹെൽത്ത് ഗ്രാന്റ് സ്കീം 1

കെട്ടിടങ്ങൾ ഇല്ലാത്ത സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2022-23 വർഷത്തെ ഹെൽത്ത് ഗ്രാന്റായി 27,75,000 രൂപ 2023-24 വർഷത്തിൽ ലഭിച്ചിട്ടുണ്ട്. ഈ തുക നാളിതു വരെ തുക ചെലവഴിച്ചിട്ടില്ല.

ഹെൽത്ത് ഗ്രാൻറ് സ്കീം 3

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2021 - 22 | 318178 (2022-23 വർഷം ലഭിച്ചു) | 3,18,178 | ഇല്ല |
| 2 | 2022 -23 | 829000 (2023-24 വർഷം ലഭിച്ചു) | 6,11,947 | 2,17,053 |
| 3 | 2023-24 | 591000 (2024-25 വർഷം ലഭിച്ചു) | ഇല്ല | 5,91,000 |

ഹെൽത്ത് ഗ്രാൻറ് സ്കീം 4

| ക്രമ നം. | ആരോഗ്യ ഗ്രാന്റ് വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | 2021 - 22 | 175922 (2022-23 വർഷം ലഭിച്ചു) | 175922 | ഇല്ല |
| 2 | 2022 -23 | 3,53,000 (2023-24 വർഷം ലഭിച്ചു) | 352975 | 25 |
| 3 | 2023-24 | 5,62,000 (2024-25 വർഷം ലഭിച്ചു) | ഇല്ല | 5,66,000 |

**31.03.2025- ന് ശേഷിക്കുന്ന ഗ്രാന്റിന്റെ വിവരം (പലിശയുൾപ്പടെ)**

| ഗ്രാന്റിനം | അക്കൗണ്ട് നം | ബാലൻസ് |
|---|---|---|
| ഹെൽത്ത് ഗ്രാന്റ് – ബിൽഡിംഗ്ലെസ്സ് സബ്സെന്റർ | Canara Bank (110042390119) | 29,00,597 (പലിശ ഉൾപ്പടെ) |
| സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ് | Canara Bank (110042390427) | 6,03,792 |
| കൺവേർഷൻ ഓഫ് പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ | CANARA BANK (110042390605) | 5,74,834 |

അന്തിക്കാട് ഗ്രാമപഞ്ചായത്തിനു ലഭിച്ച ഹെൽത്ത് ഗ്രാന്റിൽ സ്കീം3 യിൽ 53.51% തുകയും

സ്കീം4 ൽ 48.5% തുകയും മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. സ്കീം 1 ൽ ലഭിച്ച തുകയൊന്നും വിനിയോഗിച്ചിട്ടുമില്ല. ആതുര സേവന മേഖലയിൽ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ജലജീവൻ മിഷൻ അവലോകനം

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്ര മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത്തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), 3.6.(6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഫേസ് 1 ജലജീവൻ പദ്ധതിയുടെ ഭാഗമായി കരുവന്നൂർപുഴയിൽ നിന്നുള്ള ജലം ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്ത് പരിധിയിൽ ജലവിതരണം നടത്തുന്നതിനും ഫേസ് 1 ൽ 1635 ഗാർഹിക കുടിവെള്ള കണക്ഷനുകളും, ഫേസ് 2 പദ്ധതിയിൽ 1888 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും, പമ്പ് ഹൗസ് നവീകരണം, മോട്ടോർ സ്ഥാപിക്കൽ, Raw വാട്ടർ പമ്പിംഗ് മെയിൻ-1100m, 12 MLD ട്രീറ്റ്മെന്റ് പ്ലാന്റ്, 8.6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഓവർഹെഡ് ടാങ്ക്, 10.37km ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയവ നിർമ്മിക്കുന്നതിനും പ്രോജക്ട് ലക്ഷ്യമിടുന്നുണ്ട്. ഫേസ് 1 ൽ 3.39 കോടി രൂപയുടെയും, ഫേസ് 2 ൽ 8.85 കോടി രൂപയുടെയും എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് 03.08.2020ലെ ഭരണ സമിതി 1 (1) നമ്പറായി അംഗീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം തദ്ദേശസ്ഥാപന വിഹിതമായും സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്കും, 10% ഗുണഭോക്തൃവിഹിതം ആയത് ലഭിക്കുന്ന മുറയ്ക്കും അടവാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

കേരള റൂറൽ വാട്ടർ സപ്ളൈ ആന്റ് സാനിറ്റേഷൻ ഏജൻസി ഡയറക്ടറുടെ 12.05.2021 ലെ KRWSA-PMU/68/2020-TAഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ സഹായ ഏജൻസിയായി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഏജൻസി, തിരുവനന്തപുരത്തെ (ISA) നിശ്ചയിച്ചിട്ടുണ്ട്. 18.10.2021 ന് 5/2021-22 നമ്പറായി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർപ്രകാരമുള്ള പ്രവർത്തനങ്ങൾ നിർവ്വഹണസഹായ ഏജൻസി പൂർത്തീകരിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റി റിസ്റ്റോറേഷൻ നടത്തുന്നതിനാൽ പഞ്ചായത്തിലെ റോഡുകളുടെ റിസ്റ്റോറേഷൻ ചാർജ്ജ് 10.02.2023-ലെ No.CEPWD/2675/2021-C4(W)RD സർക്കുലർ പ്രകാരമുള്ള നിരക്കിൽ കണക്കാക്കി തുക അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. നാട്ടിക ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 04.12.2024 ലെ കത്ത് നമ്പർ.ഡി.1-904/2022/JJM കത്ത് പ്രകാരം 45 റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

ജല ജീവൻ മിഷൻ (Jal Jeevan Mission) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നൽകുന്ന കണക്ഷനുകളുടെ ഭാഗമായി പൈപ്പിടുന്നതിന് കുഴിക്കുന്ന റോഡുകളുടെ പേര്, പൈപ്പിടുന്നതിന് കുഴിക്കുന്ന നീളം, റോഡ് കുഴിക്കുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് KWAഅപേക്ഷ സമർപ്പിച്ചതിന്റെ വിവരം (RoW SUGAMA പോർട്ടൽ വഴി) എന്നിവ ലഭ്യമാക്കിയിട്ടില്ല. റീസ്റ്റോറേഷൻ പ്രവൃത്തി ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിക്കുന്ന കാലയളവ് സംബന്ധിച്ച വിവരങ്ങൾ, ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ എന്നിവ ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി

നൽകിയ ഗാർഹിക കണക്ഷനുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം വകയിരുത്തേണ്ട തദ്ദേശ സ്ഥാപന വിഹിതമായ 15% തുക വാർഷിക പദ്ധതിയിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടില്ല. 10% തുക ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കുകയോ കൈമാറുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്ഥാപന വിഹിതവും, ഗുണഭോക്തൃവിഹിതവും കണ്ടെത്താൻ കഴിയാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നൽകുന്നതിന് 10.08.2020 ലെ സ.ഉ.(സാധാ) നം.4584/2020/ധന. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അന്തിക്കാട് ഗ്രാമപഞ്ചായത്തിനു വേണ്ടി തുക നൽകിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.

ജലജീവൻ മിഷൻ കേരള- മിഷൻ ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ KWA എന്നിവർ സംയുക്തമായി പ്രിൻസിപ്പൽ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റിന് 20.02.2025ന് അയച്ച KWA/-JB/1200/2025-F1(A)KWA കത്ത് പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതമായ 15% തുക 6,707.22കോടി രൂപ ലഭിക്കാനുള്ളതിൽ നാളിതു വരെ 24.68 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ വിഹിതം അടിയന്തിരമായി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ഈ പട്ടികയിൽ അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 1555.93 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതായും തദ്ദേശ സ്ഥാപന വിഹിതമായി 233.39 ലക്ഷം രൂപ നൽകാനുള്ളതായും ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ജലജീവൻമിഷൻ-KWA എന്നിവർക്ക് തദ്ദേശസ്ഥാപന വിഹിതമായി നൽകാനുള്ള തുക നൽകിയിട്ടില്ല. വാട്ടർ അതോറിറ്റി സമർപ്പിച്ച എസ്റ്റിമേറ്റിന് ആനുപാതികമായി തദ്ദേശ സ്ഥാപന വിഹിതം ഗ്രാമപഞ്ചായത്തിന് കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ എം.എൽ.എ.യുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തുക നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.1/22.01.2026)

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാങ്ങാട്ടുകര സ്കൂൾ റോഡ് മെയിന്റനൻസ്-കരാറുകാരന് അധിക തുക നൽകിയത് തിരികെ ഈടാക്കണം

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം-151/25 മാങ്ങാട്ടുകര സ്ക്കൂൾ റോഡ് മെയിന്റനൻസും, സൈഡ് കെട്ടി സംരക്ഷണവും

വകയിരുത്തിയ തുക- 15,00,000 (തനതു ഫണ്ട്)

എസ്റ്റിമേറ്റ് നമ്പർ-85896/23

ചെലവഴിച്ച തുക- 14,93,823

വൗച്ചർ നമ്പർ, തിയതി, തുക

42400235/15.07.2024 – 5,58,955 രൂപ

42400317/09.08.2024 – 1,71,635 രൂപ

42400738/20.12.2024 – 7,63,233 രൂപ

**1) ഡിപ്പാർട്ട്മെന്റ് സ്റ്റോൺ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിയുടെ അളവ് കുറവ് ചെയ്യാത്തതു മൂലം നഷ്ടം 37,262 രൂപ**

മേൽ പ്രവൃത്തിയിൽ ഫൈനൽ ബിൽ ഐറ്റം നമ്പർ 3 പ്രകാരം കുളത്തിന്റെ റോഡിനോട് ചേർന്ന ഭാഗത്ത് നിലവിലുണ്ടായിരുന്ന 20(നീളം) X 0.5(വീതി) X 0.9(ഉയരം) മീറ്റർ തകരാറിലായ കരിങ്കൽക്കെട്ട് പൊളിച്ചു മാറ്റിയിട്ടുണ്ട്. വെയ്സ്റ്റേജ് കഴിച്ച് ഇതുവഴി ലഭിച്ച കരിങ്കല്ല് ഉപയോഗിച്ച് ബില്ലിലെ ഐറ്റം നമ്പർ 7 പ്രകാരം 17.8 (നീളം)x 0.5(വീതി) X 0.6(ഉയരം) മീറ്റർ അളവിൽ ഡിപ്പാർട്ട്മെന്റ് സ്റ്റോൺ ഉപയോഗിച്ച് 5.34 $M^3$ ഡ്രൈറബിൾ മേസണറി നടത്തിയതിന് 1531.88/ $M^3$ രൂപ നിരക്കിൽ 8,180.24 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ബില്ലിലെ ഐറ്റം നമ്പർ 8 ന്റെ ഇ-അളവ് പുസ്തക രേഖപ്പെടുത്തൽ പ്രകാരം MORD ഡാറ്റ 75.7.1 പ്രകാരം 17.8(നീളം) X 1.6(വീതി) X 0.6(ഉയരം) മീറ്റർ അളവിൽ ഡ്രൈറബിൾ മേസണറി ഫൗണ്ടേഷൻ പ്രവൃത്തി 17.088 $M^3$ നടത്തിയതിന് 5913.47/$M^3$ നിരക്കിലും കരാറുകാരന് തുക നൽകിയിട്ടുണ്ട്. റോഡിനോട് ചേർന്ന് നിർമ്മിക്കുന്ന സംരക്ഷണ ഭിത്തിയുടെ അടിത്തട്ടിൽ 17.8 മീറ്റർ നീളത്തിൽ 1.7 മീറ്റർ വീതിയിൽ സോയിൽ എസ്കവേഷൻ നടത്തി അതേ നീളത്തിലും വീതിയിലും പ്ലെയിൻ സിമെന്റ് കോൺക്രീറ്റിംഗ് നടത്തിയതിന് മുകളിലാണ് ഡ്രൈറബിൾ പ്രവൃത്തി നടത്തിയിട്ടുള്ളത്. കരിങ്കൽഭിത്തിയുടെ ഡി.ആർ. പ്രവൃത്തി നടത്തുന്ന അടിത്തറയുടെ ആകെ വീതി 1.6 മീറ്റർ ആണ്. ആയതിനാൽ 17.8 X 0.5 X 0.6 മീറ്റർ അളവിൽ 5.34 $M^3$ അളവിൽ നടത്തിയ പ്രവൃത്തിയുടെ അളവ് കുറച്ചുള്ള അളവിൽ മാത്രമേ കരാറുകാരന്റെ സ്വന്തം റബിൾ ഉപയോഗിച്ചുള്ള പ്രവൃത്തി നടത്തിയതിന് തുക അനുവദിക്കേണ്ടതുള്ളു. ആയതിനാൽ 75.7.1 പ്രകാരം 5913.47/ $M^3$ രൂപ നിരക്കിൽ 5.34 $M^3$ അളവിൽ പ്രവൃത്തി നടത്തിയതിന് നൽകിയ 31,578 രൂപയും 18% ജി.എസ്.ടി. യും കൂടി ആകെ 37,262 രൂപ അധികമായി നൽകിയത് അംഗീകരിക്കുന്നില്ല. ആയത് കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടവാക്കേണ്ടതാണ്.

**2) തെറ്റായ ഡാറ്റ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് മൂലം അധിക തുക നൽകിയത് - നഷ്ടം 1,88,174 രൂപ**

കുളത്തിന്റെ വശങ്ങൾ ഡ്രൈറബിൾ ഉപയോഗിച്ച് കെട്ടുന്നതിന് MORD ഡാറ്റ 75.7.1 പ്രകാരം 5914.06/$M^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഡാറ്റയിൽ റാൻഡം റബിൾ സ്റ്റോൺ, Through Bond Stone ന്റെ നിരക്ക് എന്നിവ ഉൾപ്പെടുന്നുണ്ട്. ഡ്രൈറബിൾ ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് Stone For Masonary Work ഉൾപ്പെടുന്ന DSOR Data 60.7.1 പ്രകാരം 3491.47/$M^3$ നിരക്കിലുള്ള അംഗീകൃത പ്രൈസ് ഡാറ്റ നിലവിലുള്ളതാണ്. ആയതിന്റെ MORD Observed Data പ്രകാരം നിരക്ക് കണക്കാക്കുമ്പോൾ [Unit Total/$M^3$ Rs.2216.98 X 121%(10% CP+10%OH)=2682.54 X1.3559 (Cost Index 35.59%)=3637.25/$M^3$ രൂപ]ഈ പ്രവൃത്തി നടത്തുന്നതിന് 3637.25/ $M^3$ രൂപയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നത്. DSOR Data 60.7.1 നിരക്ക് ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് അനുസരിച്ച് നഗരസഞ്ചയ ഫണ്ട് ഉപയോഗിച്ച് പിണ്ടാണിക്കുളം, കുതിരകുളം എന്നീ കുളങ്ങളുടെ സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവയുടെ പ്രവൃത്തി ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് റോഡരികിലെ കുളം ആയതിനാലാണ് സംരക്ഷണഭിത്തി നിർമ്മാണത്തിന് ഡാറ്റ 75.7.1 പ്രകാരമുള്ള നിരക്ക് നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രവൃത്തിയ്ക്ക് മേസണറി റബിൾ ഉപയോഗിച്ചതായി കണ്ടു. ഡാറ്റയിൽ ഉൾപ്പെട്ടിരുന്നതു പ്രകാരം അളവിലുള്ള ബോണ്ട് സ്റ്റോണുകൾ ഉപയോഗിച്ചതായി കാണുന്നില്ല, ബോണ്ട് സ്റ്റോണുകൾ മഞ്ഞ നിറമുള്ള പെയിന്റ് ചെയ്ത് മാർക്ക് ചെയ്തിട്ടില്ല. ഉപയോഗിച്ച ബോണ്ട് സ്റ്റോണുകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി

സൂക്ഷിച്ചിട്ടുമില്ല. ഇതിൽ നിന്നും പ്രവൃത്തിയ്ക്ക് ബോണ്ട് സ്റ്റോണുകൾ ഉപയോഗിച്ചിട്ടില്ല എന്നു വ്യക്തമാണ്. ജില്ലയിലെ ഒട്ടു മിക്ക തദ്ദേശ സ്ഥാപനങ്ങളിലും ഗ്രാമീണ റോഡുകളുടെ സംരക്ഷണ ഭിത്തി നിർമ്മാണം ഡ്രൈറബിൾ പ്രവൃത്തി വഴി നടത്തുന്നതിന് DSOR Data 60.7.1 ന്റെ ഒബ്സർവ്വ്ഡ് ഡാറ്റ തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി കൂടിയ നിരക്കുള്ള ഡാറ്റ 75.7.1 ഉപയോഗിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട്.

DR Masonary സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതു സംബന്ധിച്ച ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 18.11.2016-ലെ നമ്പർ 87/2016ധന. സർക്കുലറിൽ പ്രവൃത്തി നടത്തുന്നതിനാവശ്യമായ നിർമ്മാണ മാതൃക (Typical Design) നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരം 15cm കനത്തിൽ അടിത്തട്ടിൽ പ്ലെയിൻ സിമെന്റ് കോൺക്രീറ്റിംഗ്, പ്രബലിത കോൺക്രീറ്റിംഗ് ഉപയോഗിച്ചുള്ള ഇന്റർമീഡിയറി ബെൽറ്റ്, ടോപ്പ് ബെൽറ്റ്, വശങ്ങളിൽ നിന്നുള്ള സമ്മർദ്ദം അതിജീവിക്കുന്നതിന് 1:4 അനുപാതത്തിലുള്ള ചെരിവ് നൽകുന്നതിനും, അടിത്തറയുടെ വീതി 0.4H+0.3m സൂത്രവാക്യ പ്രകാരം കണക്കാക്കുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള പ്രത്യേക സാഹചര്യങ്ങളിൽ ഡിസൈനിൽ മാറ്റം വരുത്തി സംരക്ഷണ ഭിത്തിയ്ക്ക് അധിക വീതി നൽകുന്നതിന് സാങ്കേതികാനുമതി അതോറിറ്റിയ്ക്ക് അനുമതി നൽകി 05.08.2021 ന് 64/2021/Fin ടെക്നിക്കൽ സർക്കുലർ പ്രകാരം ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണവും പുറപ്പെടുവിച്ചിട്ടുണ്ട്.
ചീഫ് എഞ്ചിനീയറുടെ മേൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ നിലനിൽക്കെ ഡ്രൈറബിൾ പ്രവൃത്തി നടത്തുന്നതിന് കുറഞ്ഞ നിരക്കിലുള്ള DSOR ഡാറ്റ 60.7.1 ന്റെ ഒബ്സർവ്വ്ഡ് ഡാറ്റ മതിയാകുമെന്നിരിക്കെ Through Bond Stone ഉൾപ്പെടുന്ന കൂടിയ നിരക്കുള്ള MORD ഡാറ്റ 75.7.1 ഉപയോഗിക്കേണ്ടതായ സവിശേഷ സാഹചര്യം എന്താണെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. DSOR ഡാറ്റ 60.7.1 നെ അപേക്ഷിച്ച് Mate, Bhisti എന്നിവരെ അധികമായും, കൂടിയ അളവിലുള്ള Mason, Mazdoor പ്രവൃത്തിയും, ബോണ്ട് സ്റ്റോണും ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് ഡാറ്റ 75.7.1 ൽ നിരക്ക് വർദ്ധിച്ചിട്ടുള്ളത്. എന്നാൽ ബോണ്ട് സ്റ്റോൺ ഉപയോഗിക്കാത്ത സാഹചര്യത്തിൽ കൂടുതൽ ലേബറും, ബോണ്ട് സ്റ്റോണും ഉൾപ്പെടുന്ന ഡാറ്റ ആവശ്യമില്ലാത്തതും DSOR ഡാറ്റ 60.7.1 ന്റെ ഒബ്സർവ്വ്ഡ് ഡാറ്റ മതിയാകുന്നതുമാണ്. പ്രവൃത്തിയിൽ ബോണ്ട് സ്റ്റോൺ ഉപയോഗിച്ചിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ കാണുന്നതിനാൽ റോഡരികിലെ കുളമായതിനാലാണ് കൂടിയ നിരക്കുള്ള ഡാറ്റ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി നിലനിൽക്കുന്നതല്ല.

ഈ രണ്ട് ഡാറ്റകളും തമ്മിൽ ക്യൂബിക് മീറ്ററിന് 2,276.81 രൂപയുടെ വ്യത്യാസം ഉണ്ട്. ഫൈനൽ ബിൽ ഐറ്റം നമ്പർ 8 ൽ MORD ഡാറ്റ 75.7.1 പ്രകാരം ആകെ 75.392 പ്രവൃത്തി നടത്തിയതിൽ ക്രമ നമ്പർ 1 ലെ അളവ് കുറവ് ചെയ്ത് ലഭിക്കുന്ന 70.052$m^3$ ന് (75.392-5.34=70.052$m^3$) 2,276.81രൂപ നിരക്കിൽ 1,59,495.09 രൂപയും ആയതിന്റെ 18% ജി.എസ്.ടി തുക 28,709 രൂപയും കൂടി ആകെ 1,88,204 രൂപ അധികമായി നൽകിയതു മൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

**3) സ്റ്റീലിന്റെ അടിസ്ഥാന നിരക്ക്(coefficient) തെറ്റായി രേഖപ്പെടുത്തിയത് മൂലം നഷ്ടം 4,731 രൂപ**

പ്രവൃത്തിയുടെ ഫൈനൽ ബിൽ ഐറ്റം നമ്പർ 9 ൽ MORD ഡാറ്റ 11.8 പ്രകാരം 0.596ടൺ സ്റ്റീൽ ഉപയോഗിച്ചതിന് 87,972.42/T നിരക്കിൽ തുകയും ആയതിന് ജി.എസ്.ടി.യും അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇ-അളവു പുസ്തക രേഖപ്പെടുത്തൽ MGN 1_11_2പ്രകാരം 17.4 മീറ്റർ നീളമുള്ള 8 Mm കമ്പികൾ 14 എണ്ണത്തിന് 0.000617kg/M നിരക്കിൽ ഭാരം കണക്കാക്കി തുക നൽകിയിട്ടുണ്ട്. 8 Mm കമ്പിയുടെ ഭാരം 0.000395kg/M ആയതിനാൽ ഭാരം കണക്കാക്കിയതിൽ അപാകതയുണ്ട്. ഇതു മൂലം കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്.

8 Mm സ്റ്റീലിന് കണക്കാക്കിയ ഭാരം - 0.000617kg/M X14 Nosx17.4m.=0.15 ടൺ

ഉപയോഗിച്ച 8 Mm സ്റ്റീലിന്റെ യഥാർത്ഥ ഭാരം-0.000395kg/M X14 Nosx17.4m=0.096222ടൺ

വ്യത്യാസം =0.053778ടൺ

അധികം നൽകിയ തുക=0.053778 ടൺ X Rs.87972.42/ടൺ =Rs.4730.98

4,731 രൂപ അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. മേൽ പ്രകാരം നൽകിയ അധിക തുകകൾ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. (ഓഡിറ്റ് അന്വേഷണം നം. 22/29.01.2026)

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്

1. മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 15 | 88,000 | 88,000 | 0 | 2024-25 വർഷത്തിൽ 4 മാസം 14 ജീവനക്കാരും, 8 മാസം 15 ജീവനക്കാരുമാണ് ജോലി ചെയ്തിട്ടുള്ളത്. |

*01.04.2024 മുതൽ 31.03.2025നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല. | | | | | |

3. മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024-ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ | മെഡിസെപ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക | |
| ഇല്ല. | | | | |

4. മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 27.09.2024 തീയതിയിൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരിയിൽ നിന്നും കുടിശ്ശിക ഈടാക്കിയിട്ടില്ല | | | | | |

## 4-2 സംയുക്ത പ്രൊജക്ടുകളുടെ തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം സംയുക്ത പ്രൊജക്ടുകളിൽ ചെലവഴിക്കാൻ തുക അവശേഷിക്കുന്നില്ല.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കൈമാറിയ 31.03.2025 ന് വിനിയോഗവിവരം ലഭ്യമാക്കാത്തവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പറും പേരും | മുൻകൂർ നൽകിയ തുക | വൗച്ചർ നമ്പർ/ തീയതി | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | 85/25, ഘടക സ്ഥാപനങ്ങൾക്ക് സോളാർ പാനൽ സ്ഥാപിക്കൽ(സ്പിൽ ഓവർ) | 4,73,000 | **42400858/ 27.01.2025** | 0 | 4,73,000 |
| കെ.എസ്.ഇ.ബി. കണ്ടശ്ശാം കടവ് സെക്ഷൻ | 203/25, സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 3,39,502 | **42400733/ 16.12.2024** | 0 | 3,39,502 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | | 15,53,112 | 21,60,000 | 37,13,112 | | 0 |
| KURDFC | | 37,13,112 | 55,56,120 | 12,15,871 | | 80,53,361 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 5,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (Thrissur Cooperative Spinning Mills Ltd. NO: ST7) | 5,000 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരു വിവരങ്ങൾ | രശീതി നമ്പർ/ തിയതി |
|---|---|---|---|---|
| 2022-23 | 1-14 | 3800 | ആൽഫ പാലിയേറ്റീവ് കെയർ, അന്തിക്കാട് | 1240100193/ 24.04.2024 |
| 2022-23 | 1-14 | 3800 | ആൽഫ പാലിയേറ്റീവ് കെയർ, അന്തിക്കാട് | 1240100194/ 24.04.2024 |
| 2023-24 | 1-10 | 1080 | ശകുന്തള സി.വി. | 1240103633/ 20.01.2025 |
| 2023-24 | 1-10 | 2400 | സനിൽ, ചിപ്സ് കാർട്ട് | 1240103701/ 23.01.2025 |
| 2023-24 | 1-10 | 1440 | ഷാഹുൽ ഹമീദ് | 1240103758/ 27.01.2025 |
| 2023-24 | 1-10 | 2500 | ഹരീഷ്കുമാർ | 1240103763/ 27.01.2025 |
| 2023-24 | 1-10 | 1440 | അജ്മൽ ചിക്ക്സിറ്റി | 1240103804/ 28.01.2025 |
| 2023-24 | 1-10 | 3940 | നേതാജി മൾട്ടി സ്പെഷാലിറ്റി ഡെന്റൽ ക്ലിനിക്ക് | 1240103851/ 30.01.2025 |

| | | | | |
|---|---|---|---|---|
| 2023-24 | 1-10 | 7600 | സെക്രട്ടറി,ആൽഫ പാലിയേറ്റീവ് കെയർ | 1240103870/ 31.01.2025 |
| 2023-24 | 1-10 | 2500 | ഉണ്ണികൃഷ്ണൻ | 1240103936/ 05.02.2025 |
| 2023-24 | 1-10 | 1440 | ഹാപ്പി സ്ക്രാപ്പ്സ് | 1240104193/ 20.02.2025 |
| 2023-24 | 1-10 | 2500 | സ്മിത | 1240104559/ 06.03.2025 |
| ആകെ | | 34,440 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓ. റി. വർഷം | ഖണ്ഡിക | സ. റി. വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1999-00, 2001-02 | 14 | 2004-05 | 3.8(2)(3) | ഷെഡ്യൂൾ നിരക്ക് ബാധകമാക്കിയില്ല. മണ്ണ് വില അധികം നൽകി | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു |
| 2006-07 | 3.6 | 2010-11 | 5.6.5 | സമാഹരണമുൻകൂർ നൽകി- പണി പൂർത്തിയാക്കിയിട്ടില്ല | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു |
| | പ്രവർത്തനാവലോകനം | 2015-16 | 4.1, അനുബന്ധം 3 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-3 | 2016-17 | അദ്ധ്യായം 1, അനുബന്ധം 3 | വസ്തുനികുതി | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-1 | 2016-17 | അദ്ധ്യായം 2, അനുബന്ധം 5 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 2,72,24,677 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,24,61,303 |
| ആകെ വരവ് | 7,96,85,980 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,95,42,363 |

| | |
|---|---|
| നീക്കിയിരിപ്പ് | 3,01,43,617 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2,30,197 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,000 |

*ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക കണക്കിന്റെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിലെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1-1 (1-29-1) | 37,262 | രശ്മി.കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1-2 (1-29-2) | 1,88,204 | രശ്മി.കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1-3 (1-29-3) | 4,731 | രശ്മി.കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2,30,197 | |

**തടസ്സപ്പെടുത്തുന്ന തുക**-

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 30,000 | ശ്രീമതി.വസുമതി കെ ബി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 30,000 | |

(സി)**കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

(ഡി)**നഷ്ടം നികത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഉത്തരവാദികളായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.വസുമതി കെ ബി, ഐ .സി.ഡി.എസ് സൂപ്പർവൈസർ | ഐ .സി.ഡി.എസ് സൂപ്പർവൈസർ,പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് | പുത്തൂർക്കര ഹൗസ്, അയ്യന്തോൾ,തൃശ്ശൂർ പിൻ – 680003 ഫോൺ നം.-- 9048140408 Email Id— Vasumathysuresh967 @Gmail.Com |
| ശ്രീമതി രശ്മി.കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID&EW സബ്ഡിവിഷൻ | കുറുവത്ത് ഹൗസ്, പൂത്തോൾ പി. ഒ, തൃശ്ശൂർ – 680004 ഫോൺ നം.-- |

| | | |
|---|---|---|
| | ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കുസുമഗിരി,കാക്കനാട് | 9746362630<br>Email Id—<br>Resmikuruvath<br>@Gmail.Com |
| | | |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 (ചെലവ്) | LFT15-1111/99 Dt.27.11.99/09.12.99 | 1 | 7(എ)) | |
| 2 | 1999-00 To 2001-02 (ജനകീയാസൂത്രണം) | LFT11-1078/03 Dt.06.02.04/22.05.04 | 2 | 14, 15 | 14 സമാഹൃതം |
| 3 | 2002-03 (വരവ്-ചെലവ്) | LFT11-2188/2006 Dt.08.02.07/06.10.07 | 5 | 3-8, 3-10(എ)), 3-10ബി, 3-11, 3-13, 3-14 | |
| 4 | 2003-04 | LFT11-1877/08 Dt. 09.12.09 | 4 | 3-4, 3-6, 3-8, 3-11 | |
| 5 | 2004-05 | LFT11-1878/08 Dt. 09.12.09 | 6 | 3-6, 3-8, 3-10, 3-14(3)(1), 3-14(3)(2), 3-15, 3-16(2) | |
| 6 | 2005-06 | LFT11-868/09 Dt. 13.08.10/04.03.11 | 1 | 3-7 | |
| 7 | 2006-07 | LFT11-869/09 Dt. 16.08.10/04.03.11 | 3 | 2-2(i)(ii), 3-5(2)(a), 3-6 | 3-6 സമാഹൃതം |
| 8 | 2007-08 | LFTP8-317/11 Dt. 29.09.11/04.01.12 | 6 | 3-8(1),3-9(1), 3-11, 3-13, 3-14, 3-15 (4,5,6,7,8,9) | |
| 9 | 2008-09 | LFTP8-317(എ))/11 Dt. 10.10.11/04.01.12 | 2 | 3-11, 3-14 | |
| 10 | 2009-10 | LFTP2-693/12 Dt. 27.09.12/02.03.13 | 3 | 3-8(i)(ii)(iii)(iv)(v)(vi)(viii), 3-13,3-17 | |
| 11 | 2010-11 | LFTP2-694/12 Dt. 27.09.12/02.03.13 | 4 | 3-5, 3-6, 3-7, 3-9 | |
| 12 | 2011-12 | LFTP2-701/2013 Dt. 31.07.13/05.10.03 | 11 | 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-16 | |

| | | | | | |
|---|---|---|---|---|---|
| 13 | 2012-13 | LFTP2-2173/13 Dt. 11.02.14 | 1 | 3-10 | |
| 14 | 2013-14 | KSATSR-P2-1687/15 Dt. 23.12.15/08.02.16 | 2 | 3-3, 3-11 | |
| 15 | 2014-15 | KSATSR-P2-1038/16 Dt. 28.06.16 | 2 | 2-3, 3-2 | 2-3 സമാഹൃതം |
| 16 | 2015-16 | KSATSR-P2-2204/16 Dt. 11.01.17 | 3 | 2-1,3-4, 3-7 | 2-1 സമാഹൃതം |
| 17 | 2016-17 | KSATSR-P2-1574/17 Dt. 14.11.17/28.11.17 | 5 | 2-1(2), 2-6, 3-1(2), 3-5, 3-10 | |
| 18 | 2017-18 | KSATSR-P2-355/19 Dt. 17.05.19 | 8 | 1-12, 2-1(4)എ), 2-4, 3-3(2,3), 3-8, 3-10 (II, III), 3-14(1), 3-15 | |
| 19 | 2018-19 | KSATSR-P2-195/20 Dt. 12.03.20 | 7 | 1-9(1), 1-13(3,4,5), 1-15, 1-18, 1-22, 1-24(1,2), 1-25 | |
| 20 | 2019-20 | KSATSR-P2-1003/2022 Dt. 02/07/2022 | 4 | 1-9, 1-10, 1-12, 1-16 | |
| 21 | 2020-21 | KSATSR-P2-1004/2022 Dt. 02/07/2022 | 5 | 1-10, 1-12, 1-14, 1-15, 1-16 | |
| 22 | 2021-22 | KSATSR-P2-247/2023 Dt. 12/04/2023 | 16 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-20, 1-24, 1-26, 1-27, 1-28, 1-30, 1-31 | |
| 23 | 2022-23 | KSATSR(P2) /1840/23, Dt. 19.12.2023 | 18 | 1-1, 1-3, 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-20, 1-21, 1-22, 1-24, 1-25,1-26,1-29 | |
| 24 | 2023-24 | KSATSR(P2) /1626/24, Dt. 20/12/2024 | 24 | 1-1, 1-9, 1-10,1-11, 1-12, 1-13, 1-15, 1-16, 1-17, 1-18,1-19, 1-20, 1-21, 1-22, 1-23, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-25,1-26,1-28, 1-29,1-30,1-31,1 -32,1-33, 1-34,1-36,1-37 | |
| **ആകെ** | | | 143 | | |

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 27-06-2025 and submitted on 12-08-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Anthikkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Anthikkad Grama Panchayat as on 31-03-2025

**Date: 06/03/2026** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Anthikkad Grama Panchayat for the Year 2024-2025.

## 1.Major Observations

**Payment Voucher misclassifications**

1. The amount spent on the activities listed below from Development Fund -General was not booked under the headings reflecting the purpose for which the amount was spent. Recording such capital expenditures as revenue/asset expenses of the institution affects the operating results as per the Income and Expenditure Account and the financial position as per the Balance Sheet. This is contrary to the accounting policies suggested by G.O.(P)No.152/2011/LSGD dated 26.7.2011.

| Project No.& Name | Voucher Number/ Date | Amount | Head code in which Expenditure was booked | |
|---|---|---|---|---|
| 184 PURCHASE OF VEHICLE FOR HARITHA KARMA SENA | 42401239/13.12.2024 | 2,24,012 | 251130803-Solid Waste Management - Collection and Transportation | Appropriate Asset Head |

**2. Misclassifying payment vouchers has caused discrepancies in the Income & Expenditure statement and affected the Balance Sheet. The transaction was recorded as asset instead of booking under the Advance head. Advance can be adjusted as an expense/asset only when the**

**utilisation certificate is received. Details are given below.**

| Implementing Agency | Project No. & Name | Advance Amount | Voucher No/Date | Head under which expenditure booked | Head of account in which the expenditure should have been booked |
|---|---|---|---|---|---|
| KSEB, Kandassankadav | 203/25-Street Light Line Extension various wards | 3,39,502 | **42400733/ 16.12.2024** | 415100001 - Streetlights-Line Extension For Existing Street Lights | 460500202- Advance to Implementing Agencies- Deposit with Kerala State Electricity Board |

## 2.Other Observations

**Comments relating to Ratios &Notes to accounts**

All the statements required as per accounting rules were not included in the annual accounts. The Annual Financial Statement does not include the Key ratios and Notes.

a) Kerala Panchayth Raj Accounts Rule 2011, Rule 62(E) - Notes on accounts - such as Significant accounting policies, Statement on contingent liabilities, subsidy reports, etc.
b) Kerala Panchayth Raj Accounts Rule 2011, Rule 62(F) - Key ratios.

**Comments relating to Cashflow Statement**

As per the cash flow statement the net increase in cash and cash equivalents recorded for the year 2024-25 period is 29,18,940. In the same statement the net cash generated by Operating+Investing+Financing Activity for the 2024-25 period is -1,45,16,905. According to accepted accounting standards, the above two amounts should tally, however the two amounts in the statement submitted by the panchayath do not match.

**Comments relating to journal vouchers**

Authenticated vouchers or worksheets are not maintained for prior period items to verify the authenticity of the journal entries in the schedules.

| Head Code ( I-18& I-19) | Balance as on 31.03.2025 |
|---|---|
| 290800201-Prior Period Expense-Administrative Expense | 8,14,627 |
| 190100101- Prior Period Income- Property Tax | 15,868 |
| 190200401- Prior Period Income- Other Income | - 1,34,303 |

**Comments relating to Balance Sheet**

An amount of 36,99,252, including 4,60,344 received from the District Panchayat (Sukumari Road Maintenance CFC Basic Grant), has been recorded in the Annual Accounts as receipt under the head **320200104 | Development Fund Â Central Finance Commission Grant Basic Tax Grant**. Amounts received from the District Panchayat for joint projects should be accounted for under the head **320700105 Contributions for Joint Venture Projects (For Capital Expenditure) From District Panchayats**. While preparing the Annual Accounts for the financial year 2025-26, an amount of 4,60,344 shall be debited from the head **320200104 | Development Fund Central Finance Commission Grant Â Basic Tax Grant** and credited to the head **320700105 Contributions for Joint Venture Projects (For Capital Expenditure) Â From District Panchayats**.

**Comments relating to Inventory and other registers**

Deposits that have lapsed and were recorded as liabilities have not been credited to the institution's own fund as mandated by Article 282 of the Kerala Financial Code, Volume 2. Details are given below:

| Head code | Deposit | Amount | Remarks |
|---|---|---|---|
| 340100101 | Contractors EMD | 7500 | Deposit dated on 28.12.2021 |
| 340100103 | Bidders EMD | 16117 | Deposits dated from 21.09.2018 to 18.02.2021 |
| 340100303 | Election Deposit | 29500 | Deposits dated from 13.11.2020 to 17.11.2020 |

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3
# വാർഷിക കണക്കുകളുടെ സംക്ഷിപ്തം

**Anthikkad Grama Panchayat**
**BALANCE SHEET**

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -36264739.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 76291522.00 |
| | **Total Reserve & Surplus** | | **84053566.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 19748084.00 |
| | **Total Grants, Contributions for Specific Purposes** | | **39496168.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 8053361.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **16106722.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 517641.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2514638.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **6064558.00** |
| | **TOTAL LIABILITIES** | | **145721014.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 4669008.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1951126.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12262484.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 92453798.00 |
| 416000000 | Accumulated Depreciation | B-11(a) | -77170208.00 |
| | **Total Fixed Assets** | | **68332596.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5000.00 |

Page No : 1

Digitally signed by SATHI
Date: 2025.08.27 15:08:1
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **10000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5342835.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 30143617.00 |
| 460000000 | Loans, Advances and Deposits | B-18 | 3202757.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **77378418.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **145721014.00** |

Page No : 2

## Anthikkad Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6420684.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 0.0 |
| 140000000 | Fee & User Charges | I-4 | 1581745.00 |
| 150000000 | Sale & Hire Charges | I-5 | 390286.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 143396003.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 293608.00 |
| 180000000 | Other Income | I-9 | 42060.00 |
| 190000000 | Prior Period Income | I-19 | -118435.00 |
| | **Total Income** | | **304248772.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11807093.00 |
| 220000000 | Administrative Expenses | I-11 | 1727541.00 |
| 230000000 | Operations & Maintenance | I-12 | 4970699.00 |
| 240000000 | Interest & Finance Charges | I-13 | 638497.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10188525.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 30171721.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11655483.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 17923233.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 58928800.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Reverne Grants and Funds - Revenue Expenses | I-14(F) | 2804552.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellineous Expenses on Disposal of Assets and Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 21202599.00 |
| | **Total Expenditure** | | **344037486.00** |
| | **Gross Surplus / Deficit of income over Expenditure** | | **-39788714.00** |
| | **Gross Surplus / Deficit of income over Expenditure** | | **-38691204.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 1215945.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **1097510.00** |

## Anthikkad Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 27215337.00 |
| Cash | Cash | RP-40(a) | 9340.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1364890.00 |
| 140000000 | Fees & User Charges | RP-4 | 1455983.00 |
| 150000000 | Sale & Hire Charges | RP-5 | 390286.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 14927674.00 |
| 171000000 | Interest Earned | RP-9 | 293608.00 |
| 220000000 | Administrative Expenses | RP-13 | 54730.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 22436941.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 6580312.00 |
| 460000000 | Loans, Advances and Deposits | RP-49 | 1643941.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 42060.00 |
| 330000000 | Secured Loans | RP-31 | 1553112.00 |
| 340000000 | Deposits Received | RP-33 | 291208.00 |
| 350000000 | Other Liabilities | RP-35 | 1426558.00 |
| | **Grand total** | | **159371960.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 39400.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 472360.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4727628.00 |
| 460000000 | Loans, Advances and Deposits | RP-49 | 3575059.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 50300.00 |
| 350000000 | Other Liabilities | RP-35 | 40677616.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 30111643.00 |
| Cash | Cash | RP-40(b) | 31974.00 |

Page No : 1

| | | |
|---|---|---|
| | **Grand Total** | **159371960.00** |



**DEPUTY DIRECTOR**